മഹാരാജാസ് കോളേജ് യൂണിയൻ 2022-23

# tricontinental

1

ഓൺലൈൻ മാഗസിൻ



# THE CONSTITUTION OF INDIA

Preamble.

WE, THE PEOPLE OF INDIA, having solemnly resolved to constitute India into a SOVEREIGN DEMOCRATIC REPUBLIC and to secure to all its citizens:

JUSTICE, social, economic and political;

LIBERTY of thought, expression, belief, faith and worship;

EQUALITY of status and of opportunity;

and to promote among them all

FRATERNITY assuring the dignity of the individual and the unity of the Nation;

IN OUR CONSTITUENT ASSEMBLY this twenty-sixth day of November, 1949, do HEREBY ADOPT, ENACT AND GIVE TO OURSELVES THIS CONSTITUTION.

# tricontinental

മഹാരാജാസ് കോളേജ് ഓൺലൈൻ മാഗസിൻ
മഹാരാജാസ് കോളേജ് യൂണിയൻ 2022 - 23

**എഡിറ്റോറിയൽ ബോർഡ്**

തമീം റഹ്മാൻ
അബ്ദുൽ നാസർ
അനന്ദു
ശ്രീലക്ഷ്മി

ലേഔട്ട്
അമീൻ അഫ്സൽ. സി

ചരിത്രത്തിൽ ആദ്യമായി മഹാരാജാസ് ഓൺലൈൻ മാഗസിൻ പുറത്തിറക്കുകയാണ്. നിരോധനങ്ങളുടെ കാലത്തിൽ നിശബ്ദമാകാതിരിക്കുക എന്നത് രാഷ്ട്രീയ ആവശ്യകതയാണ്. അതിനാൽ നിരന്തരമായി ശബ്ദിക്കുന്ന വിദ്യാർത്ഥി പക്ഷത്തെ അടയാളപ്പെടുത്തുന്ന tricontinental എന്ന ഓൺലൈൻ മാഗസിൻ നാം ഒരുമിച്ച് പുറത്തിറക്കുകയാണ്. ആഫ്രിക്ക, ദക്ഷിണ അമേരിക്ക, ഏഷ്യ എന്നീ വൻകരകളിൽ തിരുത്തൽ രാഷ്ട്രീയ ശക്തിയായും വിവേചനം നേരിടുന്ന മനുഷ്യരുടെ ശബ്ദമായും പ്രവർത്തിച്ചു പോന്ന മാസികയായിരുന്നു 1962 ൽ പുറത്തിറങ്ങിയ tricontinental . പ്രൊപ്പഗണ്ട മാധ്യമപ്രവർത്തനവും ഗീബൽസിയൻ സിദ്ധാന്തങ്ങളും മനുഷ്യബുദ്ധിയെ വിലക്കെടുക്കുമ്പോൾ പ്രതിരോധത്തിന്റെ ശബ്ദമായും അടിച്ചമർത്തപ്പെടുന്ന മനുഷ്യരോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചും tricontinental വീണ്ടും അവതരിക്കുകയാണ്.

എന്ന്,

തമീം റഹ്മാൻ

സ്റ്റുഡന്റ് എഡിറ്റർ

# ഗുജറാത്ത് വംശഹത്യയുടെ തുടക്കവും തുടർച്ചയും

**അഭിനവ് ഗണേഷ്**
**ഒന്നാം വർഷം ബി. എ. പൊളിറ്റിക്കൽ സയൻസ്**

ഗുജറാത്ത് വംശഹത്യ മാത്രമല്ല, ബിബിസി ഡോക്യുമെന്ററി അടിസ്ഥാനപരമായി ചിത്രീകരിക്കുന്നത്. രണ്ടു ഭാഗങ്ങൾ ഉള്ള ഡോക്യുമെന്ററി പറയുന്ന അടിസ്ഥാനവിഷയം നരേന്ദ്രമോദിയുടെ രാഷ്ട്രീയവും മുസ്‌ലിം സാമൂഹ്യവിഭാഗത്തോടുള്ള സമീപനവുമാണ്. 2002ൽ ഗുജറാത്തിൽ സംഘപരിവാർ ശക്തികൾ നടത്തിയിട്ടുള്ള കൂട്ടക്കൊലയുടെ യഥാർത്ഥ രൂപകർത്താവ് നരേന്ദ്രമോദി തന്നെയാണ്. കലാപശ്രമങ്ങൾ തടയുന്നതിന് മോദി പരാജയപ്പെട്ടുവെങ്കിലും കലാപം മുതലെടുക്കുന്നതിന് അദ്ദേഹം പൂർണമായി വിജയിച്ചിട്ടുണ്ട്. മോദിയുടെ ജനപ്രീതി വർദ്ധിക്കുന്നതിന് ഏറെ സഹായകരമായ പ്രധാന ശക്തിയായി ഗുജറാത്ത് വംശഹത്യ മാറിയിരിക്കുന്നു. കലാപവേളയിൽ സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിയായ മോദി പരോക്ഷമായും പ്രത്യക്ഷമായും കലാപത്തിന് നേതൃത്വം നൽകിയെന്ന് അന്വേഷണ കമ്മീഷൻ റിപ്പോർട്ടുകൾ പറയുന്നു. നഗരങ്ങളിൽ ആരംഭിച്ച ആക്രമണം കാട്ടുതീ പോലെ ഗ്രാമപ്രദേശങ്ങളിലേക്ക് വ്യാപിച്ചു. ഗോധ്രാ സംഭവമാണ് കലാപത്തിന്റെ മൂലകാരണമായി വിലയിരുത്തുന്നത്. എന്നാൽ അക്രമ സംഭവങ്ങൾ ആകസ്മികമായി പൊട്ടിപ്പുറപ്പെട്ടതല്ല എന്നും വളരെ ആസൂത്രണം ചെയ്ത രീതിയിലാണ് ഇവ വ്യാപിച്ചത് എന്നും അന്വേഷണ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. കലാപങ്ങളുടെ പ്രധാനവാഹകരായി മാറിയത് മോദി മന്ത്രിസഭയിലെ മന്ത്രിമാരും ബിജെപി നേതാക്കന്മാരും ആയിരുന്നു.

ഇന്ത്യയിൽ ആദ്യമായി മാധ്യമ കണ്ണുകൾ റിപ്പോർട്ട് ചെയ്ത കലാപവും വംശഹത്യയും ഗുജറാത്തിലേതാണ്. ഇതിനെ തുടർന്ന് നിരവധി മനുഷ്യർ വധിക്കപ്പെട്ടു. അനവധി വിദേശരാജ്യങ്ങളിൽ നരേന്ദ്രമോദിക്ക് യാത്രാ വിലക്കേർപ്പെടുത്തി. എന്നാൽ 2014ൽ പ്രത്യേക അന്വേഷണ സംഘത്തിന്റെ റിപ്പോർട്ടുകൾ സുപ്രീംകോടതി അസംതൃപ്തി രേഖപ്പെടുത്തുകയും കൂടാതെ മോദിക്ക് ക്ലീൻ ഷീറ്റ് നൽകുകയും ചെയ്തു, നരേന്ദ്രമോദിക്ക് എതിരായ മുഴുവൻ ഹർജികളും തള്ളുകയായിരുന്നു. ഈ സംഭവവികാസങ്ങൾ എല്ലാം മുഴുവൻ ഇന്ത്യക്കാർക്കും കൃത്യമായി അറിയാം. പിന്നെ എന്താണ് ബിബിസി ഡോക്യുമെന്ററിയുടെ രാഷ്ട്രീയ പ്രാധാന്യം...?

ബിബിസിക്ക് നിരവധി പ്രാദേശിക ഭാഷകളിൽ സർവീസ് ഉണ്ട്. ഇതിൽ ഏറ്റവും പ്രേക്ഷകർ ഉള്ള ഭാഷയായിരുന്നു അടുത്ത കാലം വരെ ഉർദു. മിക്ക പാകിസ്ഥാനികളും ആധികാരിക വാർത്തകൾ അറിഞ്ഞിരുന്നത് ബിബിസിയുടെ ഉറുദു പതിപ്പിലൂടെ ആയിരുന്നു. പാക്കിസ്ഥാൻ ഭരണകൂടത്തിന്റെ മാധ്യമ വിലക്കുകളും ജനാധിപത്യവിരുദ്ധ നിലപാടുകളും മാധ്യമപ്രവർത്തനം അസാധ്യമാക്കിയിരുന്നു. ഈ സമയത്താണ് ബിബിസിയുടെ രംഗപ്രവേശനം. ഏറെക്കുറെ സ്വതന്ത്രമായി പ്രവർത്തിക്കുന്ന ബിബിസിയെയാണ് ജനങ്ങൾ ആശ്രയിച്ചത്. ഇന്ത്യയിലും സ്ഥിതി വ്യത്യസ്തമായിരുന്നില്ല. ആകാശവാണിയും ദൂരദർശനും ഗവൺമെന്റിന്റെ പൂർണ്ണ നിയന്ത്രണത്തിൽ ആയതിനാലും പുതിയ പത്രങ്ങൾ ഭീരുക്കൾ ആയിരുന്നതിനാലും ഇന്ത്യക്കാർ ഒരു കാലഘട്ടത്തിൽ ബിബിസി മുഖേനയാണ് കാര്യങ്ങൾ ഉറപ്പുവരുത്തിയത്. 1975ൽ ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിലുള്ള കോൺഗ്രസ് ഗവൺമെന്റിന്റെ അടിയന്തരാവസ്ഥയിലാണ് ഇന്ത്യയിൽ ബിബിസിക്ക് വലിയ സ്വീകാര്യത ലഭിച്ചത്. നരേന്ദ്രമോദി തന്നെ താൻ ബിബിസി ആശ്രയിക്കുന്നു എന്ന് മുൻപ് പറഞ്ഞിരുന്നു. അടിയന്തരാവസ്ഥയ്ക്ക് തുല്യമായി കൊണ്ട് ഇന്ന് രാജ്യത്ത് നിലനിൽക്കുന്ന അപ്രഖ്യാപിത അടിയന്തരാവസ്ഥയിൽ മാധ്യമങ്ങൾ മുഴുവനും നരേന്ദ്രമോദിയുടെ ആരാധനാസംഘമായി. എന്നാൽ ഈ ഡോക്യുമെന്ററി മോദിക്ക് ഒരു വോട്ട് പോലും നഷ്ടപ്പെടുത്തില്ല. ബിജെപിക്ക് വോട്ട് ചെയ്തവരും ചെയ്യാത്തവരും ഈ ഡോക്യുമെന്ററിയിൽ പറഞ്ഞ മുഴുവൻ കാര്യങ്ങളും അറിഞ്ഞിട്ട് തന്നെയാണ് കഴിഞ്ഞ തിരഞ്ഞെടുപ്പുകളിൽ വോട്ട് ചെയ്തത്. ഈ ഡോക്യുമെന്ററി അടയാളപ്പെടുത്തുന്നത് മോദിയെ അല്ല മറിച്ച് ഇന്ത്യക്കാരെയാണ്.

ഈ ഡോക്യുമെന്ററി മോദിക്ക് നഷ്ടപ്പെടുത്തുന്നത് പ്രധാനമായും രണ്ട് കാര്യങ്ങളാണ്. ലോകത്തിന്റെ സ്വീകാര്യതയും ചരിത്രത്തിലെ സ്ഥാനവും. എത്ര കച്ചവടം നടക്കും എന്നതിനനുസരിച്ചാണ് ഭരണാധികാരികൾ പരസ്പരം സ്വീകരിക്കുന്നതും കെട്ടിപ്പിടിക്കുന്നതും. ഇന്ത്യ ബില്യൺ കണക്കിന് ആയുധങ്ങൾ വാങ്ങുന്നതുകൊണ്ടാണ് ഫ്രാൻസ്, അമേരിക്ക, ഇസ്രായേൽ തുടങ്ങിയ രാജ്യങ്ങൾ മോദിയെ കെട്ടിപ്പിടിക്കുന്നതും സൽക്കരിക്കുന്നതും. ഇന്ത്യ എത്ര എണ്ണ വാങ്ങുമെന്ന് കണക്കാക്കിയിട്ടാണ് അറബ് രാജ്യങ്ങൾ ഇന്ത്യൻ പ്രധാനമന്ത്രിയെ വിളിച്ച് അവാർഡുകൾ കൊടുക്കുന്നത്. കച്ചവടം കുറയുമ്പോൾ ബഹുമാനവും കുറയും. അധികാരത്തിന് പുറത്താകുമ്പോൾ ഇക്കാണുന്ന ആളുകൾ പുറംതിരിഞ്ഞു നിൽക്കും. അങ്ങനെയല്ലാതിരിക്കണമെങ്കിൽ അധികാരത്തിന് ഉപരിയായി ലോകരാഷ്ട്രങ്ങൾക്കിടയിൽ വ്യക്തിത്വവും കഴിവുമുള്ള ഒരു ഭരണാധികാരിയായി മോദി മാറണം. ഇന്നും ലോകരാഷ്ട്രങ്ങൾ ഫിഡൽ കാസ്ട്രോയെയും നെഹ്റുവിനെയും സ്മരിക്കുന്നതു പോലെ അദ്ദേഹത്തിന് മാറാനുള്ള ശ്രമങ്ങൾ ആണ് നടത്തുന്നത്. എന്നാൽ ബിബിസി കാണിച്ച ഈ ദൃശ്യങ്ങൾ 'സ്റ്റൈറ്റൽമാൻ' ആകാനുള്ള മോദിയുടെ ശ്രമങ്ങൾക്ക് എന്നെന്നേക്കുമായി വിലങ്ങുതടിയാകുന്നു.

ബിബിസി ആർഎസ്എസിനെ പറ്റി പറയുമ്പോൾ കാണിക്കുന്ന ദൃശ്യങ്ങൾ താലിബാൻ മോഡൽ പോലെ ആയുധ പരിശീലനവും വാളും കുന്തവും ആയി അലറി വിളിക്കുന്ന കാവിക്കൂട്ടങ്ങളെയാണ്. ഇന്ത്യയ്ക്ക് ഈ ദൃശ്യങ്ങൾ പരിചിതമാണെങ്കിലും ലോകരാഷ്ട്രങ്ങൾ ഇവയെ പേടിയോടുകൂടി നോക്കിക്കാണുന്നു. ബിബിസി തകർത്തത് സംഘപരിവാറിന്റെ രണ്ട് പ്രധാന പ്രോജക്ടുകളെയാണ്. ഒന്ന് ലോകത്തിനു മുമ്പിൽ ഡീസന്റ് ആകാനുള്ള ശ്രമത്തെ, മറ്റൊന്ന് ചരിത്രത്തിൽ കറകളില്ലാതെ സ്വയം അവതരിക്കാനുള്ള ശ്രമത്തെ.

ചരിത്രമാണ് ആർഎസ്എസിനെ ഭയപ്പെടുത്തുന്ന മറ്റൊരു പ്രധാന ഘടകം. ഗാന്ധിയെ വധിച്ചത് ആർഎസ്എസ് ആണെന്ന് പറയുന്നവർക്ക് എതിരായി അവർ മാനനഷ്ടക്കേസ് കൊടുക്കുന്നു. എന്നാൽ സവർക്കർ ബ്രിട്ടീഷ് ഇന്ത്യക്ക് എഴുതിയ മാപ്പപേക്ഷകൾ ഇന്നും ഇന്റർനെറ്റുകളിൽ ലഭ്യമാണ്. സംഘപരിവാർ സ്ഥാപകർ മുസോളിനിയെ സന്ദർശിച്ചതും ഹിറ്റ്ലറെ പുകഴ്ത്തിയതിനുള്ള തെളിവുകളും രേഖകളും ഇന്നും നിലനിൽക്കുന്നുണ്ട്. മുസ്‌ലീങ്ങളും ക്രിസ്ത്യാനികളും കമ്മ്യൂണിസ്റ്റുകളും ആഭ്യന്തര ഭീഷണികളാക്കിയ പുസ്തകത്തിന്റെ പഴയ പതിപ്പുകൾ ഇപ്പോഴും ലഭ്യമാണ്. ഇതൊക്കെ എങ്ങനെയെങ്കിലും മായിച്ചു കളയാൻ കോടികളാണ് അവർ ചെലവഴിച്ചു കൊണ്ടിരിക്കുന്നത്. ബിബിസി ഈ സംഭവത്തെ കലാപം എന്നല്ല വിശേഷിപ്പിക്കുന്നത് മറിച്ച് വംശഹത്യ എന്ന വാക്കാണ് ഉപയോഗിക്കുന്നത്. ഇക്കാലഘട്ടത്തിൽ കലാപം തടയാൻ ശ്രമിച്ച ഒരു കൂട്ടം ഉദ്യോഗസ്ഥന്മാരെയും മാധ്യമ പ്രവർത്തകരെയും അന്യായമായി ജയിലിൽ അടച്ചതും ഡോക്യുമെന്ററി തുറന്നുപറയുന്നു. ഒരിക്കലും മായിക്കാനും മറക്കാനും കഴിയാത്ത വിധത്തിൽ.

ബിബിസി ഡോക്യുമെന്ററി സംഘപരിവാറിന്റെ നാഗ്പൂർ സിംഹങ്ങളെ ഭയപ്പെടുത്തിയപ്പോൾ പതിവ് കലാപരിപാടികൾ ആയിരുന്നു പിന്നീട് നടന്നത്. ഐടി വിഭാഗം അനൗപചാരികമായി യൂട്യൂബ്, ട്വിറ്റർ തുടങ്ങിയ സാമൂഹ്യ മാധ്യമങ്ങളിൽ നിന്ന് ഡോക്യുമെന്ററിയുടെ ലിങ്കുകൾ നീക്കം ചെയ്തു, ഡോക്യുമെന്ററി പ്രദർശനം രാജ്യദ്രോഹമായി കേന്ദ്ര സഹ മന്ത്രിമാർ പ്രഖ്യാപിച്ചു. മുഴുവൻ സാമൂഹിക മാധ്യമ ശൃംഖലകൾക്കും അനൗപചാരികമായ മുന്നറിയിപ്പ് കേന്ദ്രസർക്കാർ നൽകി. അടിയന്തരാവസ്ഥയ്ക്ക് സമാന്തരമായി സംഘപരിവാർ ഭരണം മാധ്യമ സ്വാതന്ത്ര്യത്തെയും ആവിഷ്കാര സ്വാതന്ത്ര്യത്തെയും ഹനിക്കുന്നു. ഈ സാഹചര്യത്തിലാണ് ബിബിസി തങ്ങളുടെ നിലപാട് അറിയിച്ചത്. വസ്തുതാ വിരുദ്ധമായി ഒന്നും തന്നെ ഈ ഡോക്യുമെന്ററിയിൽ ഇല്ല എന്നും ബിജെപിയുടെ പ്രാദേശിക നേതാക്കളുടെ അഭിമുഖങ്ങൾ പോലും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് ബിബിസി നിലപാടെടുത്തു.

മറക്കാതിരിക്കുക എന്നതാണ് ചരിത്രത്തിനോട് ചെയ്യാൻ സാധിക്കുന്ന ഏറ്റവും നീതിപൂർവ്വമായ കാര്യം. നിരന്തരം ഓർക്കുക. സംഘപരിവർ ശക്തികൾ നടത്തിയിട്ടുള്ള അഴിഞ്ഞാട്ടങ്ങളെ, അനീതികളെ, അക്രമങ്ങളെ ഓർത്തു വെക്കപ്പെടുക. സംഘപരിവാറിന്റെ ആസ്ഥാനമായ നാഗ്പൂർ ആജ്ഞാപനങ്ങൾക്കു മുമ്പിൽ ഇന്ത്യൻ വിദ്യാർത്ഥികൾ കീഴടങ്ങിയില്ല. ആദ്യമായി ഡോക്യുമെന്ററികൾ പരസ്യമായി പ്രദർശിപ്പിക്കും എന്ന് പറഞ്ഞത് ഇടതു യുവജന സംഘടനയായ ഡിവൈഎഫ്ഐ ആണ്. തുടർന്ന് ജെഎൻയു അടക്കമുള്ള കേന്ദ്ര സർവകലാശാലകളിലും മഹാരാജാസ് കോളേജിലും വ്യാപകമായി ഡോക്യുമെന്ററി പ്രദർശനം നടത്തി. ഇത്തരത്തിൽ നാഗ്പൂർ തിട്ടൂരങ്ങൾക്ക് ഇന്ത്യൻ വിദ്യാർത്ഥികൾ നൽകുന്ന വില എന്താണ് എന്ന് വളരെ വ്യക്തമാണ്.



# ഫാസിസ്റ്റ് നിർമ്മാണം: ക്ലാസ് മുറിയിൽ



സ്നേഹ പി. കെ
ഒന്നാം വർഷം ബി. എ. ചരിത്രം

സാമൂഹ്യവൽക്കരണത്തിന്റെ അടിസ്ഥാനമായ ശാഖകളിൽ ഒന്നാണ് വിദ്യാലയങ്ങൾ അഥവാ ക്ലാസ് മുറികൾ. ഈ സാമൂഹികവൽക്കരണത്തിന്റെ ഏജൻസിയായ വിദ്യാലയം പ്രവർത്തിക്കുമ്പോൾ ഏജന്റ്മാരായി പ്രവർത്തിക്കുന്നത് അധ്യാപകരാണ്. യുക്തി ബോധമുള്ള സംസ്കാരത്തിന്റെ ഉടമയാക്കി ഒരു തലമുറയെ അഥവാ ഒരു കുട്ടിയെ സൃഷ്ടിക്കുക എന്നതാണ് വിദ്യാലയങ്ങളിലൂടെ നാം ലക്ഷ്യമാക്കുന്നത്. എന്നാൽ അശാസ്ത്രീയതയുടെ കേന്ദ്രമായി ഇന്ന് വിദ്യാലയങ്ങൾ മാറുന്നത് ഏറെ വേദനാജനകമാണ്.

നിലവിലെ ഇന്ത്യൻ സാഹചര്യത്തിൽ സംഘപരിവാർ രണ്ട് വഴികളിലൂടെയാണ് ഒരു ദേശീയ പരിപാടി നടപ്പിലാക്കുന്നത്. ഒന്ന് അധികാരത്തിന്റെ ശക്തിയിലൂടെ, മറ്റൊന്ന് ജനങ്ങളുടെ മാനസികാവസ്ഥ മാറ്റി തീർത്തുകൊണ്ട്. കേന്ദ്രത്തിൽ അധികാരത്തിൽ എത്തുന്നതിനു മുമ്പ് തന്നെ സംഘരിവർ ശക്തികൾ കാവി അജണ്ടകൾ നടപ്പിലാക്കാൻ വേണ്ടി ജനങ്ങളുടെ മനോഭാവം മാറ്റുവാനുള്ള ശ്രമങ്ങൾ തുടർന്നിരുന്നു. എന്നാൽ രാജ്യത്തിന്റെ അധികാരം പിടിച്ചെടുത്തതോടുകൂടി ഈ ശ്രമങ്ങൾ കൂടുതൽ ശക്തമായി. ചരിത്രവും ശാസ്ത്രവും തുടങ്ങി വിജ്ഞാനത്തിന് സർവ്വ മേഖലകളിലും തങ്ങളുടെ താൽപര്യങ്ങൾ സഫലീകരിക്കാനാണ് സംഘപരിവാർ ശക്തികൾ ശ്രമിക്കുന്നത്. വിദ്യാഭ്യാസ പ്രക്രിയയിലൂടെ സാധ്യമാകുന്ന വിമോചന പ്രക്രിയകളെ പരിപൂർണ്ണമായും കാവി ഭരണകൂടം നിഷ്ക്രിയമാക്കുന്നു. ശേഷം ഹിന്ദു അജണ്ടകൾ നടപ്പിലാക്കുന്നു.

ഇന്ത്യയുടെ ബഹുസ്വരമായ സാമൂഹിക ജീവിതവും ശാസ്ത്രീയമായ പൊതു വിദ്യാഭ്യാസ മേഖലയും സമ്പൂർണ്ണമായും തരിപ്പണമാക്കുന്ന വിധത്തിലാണ് ഫാസിസ്റ്റുകളുടെ വിദ്യാഭ്യാസ അജണ്ടകൾ പുരോഗമിക്കുന്നത്. 'സാംസ്കാരിക ദേശീയത' എന്ന ഹിന്ദുത്വ അജണ്ടയുടെ അടിവേര് ഉറപ്പിക്കാൻ ഏറ്റവും ഫലപ്രദമായി ഉപയോഗിക്കപ്പെടുന്ന മേഖലയാണ് വിദ്യാഭ്യാസം. വിദ്യാഭ്യാസ പദ്ധതികളിൽ നിരന്തരമായികൊണ്ട് കൈകടത്തി സമൂഹത്തിൽ നിലനിൽക്കുന്ന പൊതു ധാരണകളെ തങ്ങൾക്ക് അനുകൂലമായ രീതിയിൽ പുനർ നിർമ്മിക്കുകയാണ് ഇവരുടെ പ്രാഥമിക ലക്ഷ്യം. ശേഷം സാമൂഹിക മാറ്റത്തിന്റെ സാധ്യതകളെ പൂർണമായും ഇല്ലാതാക്കുന്നു. സംഘപരിവാർ ശക്തികൾ നടപ്പിലാക്കാൻ ശ്രമിക്കുന്ന ഈ വിദ്യാഭ്യാസ പദ്ധതിയുടെ പൊതുസ്വഭാവം നാം തിരിച്ചറിഞ്ഞ് പ്രതിരോധിക്കണം.

*'Hindutva is not a word. But a History'* ( ഹിന്ദുത്വം ഒരു വാക്കല്ല. മറിച്ച് ചരിത്രമാണ്) എന്ന് സവർക്കർ സമർത്ഥിക്കാൻ ശ്രമിച്ചിട്ടുണ്ട് (*Essentials of hindutva 26,27*). സ്വാഭാവികമായും രാജ്യത്ത് നിലവിലുള്ള അറിവിനെ അട്ടിമറിച്ചാണ് സംഘപരിവാർ ആശയധാരകൾ മേൽ കൈ നേടാൻ ശ്രമിക്കുന്നത്. വെറുപ്പിന്റെ പാഠങ്ങളിലൂടെ രാജ്യത്തിന്റെ ചരിത്രത്തെ പുനർനിർമ്മിക്കുന്നതിലൂടെയാണ് സംഘപരിവാർ തങ്ങളുടെ രാഷ്ട്രീയ വളർച്ച കണ്ടെത്തുന്നത്. പാഠപുസ്തകങ്ങളിൽ തങ്ങളുടെ അജണ്ടകൾ സ്ഥാപിക്കാൻ ഈ വിധത്തിൽ ഇവ മാറ്റി എഴുതുന്നതിനെയാണ് സാമൂഹിക ചിന്തകർ 'കാവിവൽക്കരണം' എന്ന് വിളിക്കുന്നത്.

ആർഎസ്എസിന്റെ നേതൃത്വത്തിൽ ആരംഭിച്ച വിദ്യാഭാരതിക്ക് സമാന്തരമായി ICHR, ICSSR, ദേശീയ ശാസ്ത്ര കോൺഗ്രസ് തുടങ്ങിയ സംവിധാനങ്ങളിൽ നിരന്തരമായ അശാസ്ത്രീയ മാറ്റങ്ങൾ വരുത്തുകയാണ്.

വിചാരധാരയുടെ നാല്പതാം അധ്യായമായ 'നാം നമ്മുടെ വിദ്യാർഥികളും' എന്ന ഭാഗത്ത് ഹിന്ദുത്വ വിദ്യാഭ്യാസ അജണ്ട ആവിഷ്കരിക്കുന്നു. കെട്ടുകഥകളെയും ഐതിഹ്യങ്ങളെയും ചരിത്രമായും ശാസ്ത്രമായും അവതരിപ്പിക്കുന്നതിലൂടെ മാനുഷിക വിമോചനത്തിന്റെ സാധ്യതകൾ അടച്ചു പൂട്ടുകയാണ്. ഇത്തരത്തിൽ അശാസ്ത്രീയത അടിച്ചേൽപ്പിക്കുന്നത് അപകടകരമായ പ്രവണതയാണ്. ചരിത്രത്തിന്റെ കാവിവൽക്കരണമാണ് ഫാസിസ്റ്റ് പ്രത്യയശാസ്ത്രത്തിന്റെ നിലനിൽപ്പിന്റെ അടിസ്ഥാന ഘടകം. സംഘപരിവാർ ചിന്തകനായ പുരുഷോത്തമൻ നാഗേഷ് എഴുതിയ 'താജ്മഹൽ : ദി ട്രൂ സ്റ്റോറി' എന്ന പുസ്തകത്തിൽ താജ്മഹൽ ശിവക്ഷേത്രം ആണെന്നും രജപുത്രാ നിർമിതിയായ തേജോ മഹാലയ ആണെന്നും വാദിക്കുന്നു. ഈ വിധത്തിൽ നിരന്തരം ചരിത്ര വസ്തുതകളെ വളച്ചൊടിച്ച് നുണക്കോട്ട സൃഷ്ടിക്കുകയാണ് സംഘപരിവാർ. തീവ്രദേശീയതയുടെ വ്യാപനത്തിന് വ്യാജ നിർമ്മിതികളായ ചരിത്രം ഫാസിസ്റ്റുകളുടെ ആയുധമായി മാറുന്നത് അപകടമാണ്.

പാഠപുസ്തകങ്ങൾ വെറും പാഠാവലികൾ മാത്രമല്ല. മറിച്ച് അവ പഠിതാക്കളുടെ മാനസിക ഘടന രൂപപ്പെടുത്തുന്നു. ഒരു അളവ് വരെ അവരുടെ അടുത്ത തലമുറയെ മൂല്യബോധമുള്ള പൗരന്മാരാക്കി മാറ്റി തീർക്കുന്നതിനുള്ള നിക്ഷേപം നടത്തുകയും ചെയ്യുന്നു. ഈ നിലക്ക് സമൂഹത്തിൽ ക്രിയാത്മകമായി പ്രവർത്തിക്കുന്ന വിദ്യാഭ്യാസം ഇന്ന് നിഷേധമായി പ്രവർത്തിക്കുകയാണ്. അതുകൊണ്ടുതന്നെ ഈ വിപരീത ഫലങ്ങളെ പ്രതിരോധിക്കാൻ ശാസ്ത്രീയവും മതനിരപേക്ഷവുമായ പൊതു വിദ്യാഭ്യാസത്തെ കെട്ടിപ്പടുക്കാൻ സജീവമായി പൊതുജനങ്ങൾ രംഗത്തിലേക്ക് എത്തണം. പൊതു വിദ്യാഭ്യാസ മേഖലകളിൽ കേരളം നടത്തുന്ന അത്യുജ്ജ്വലമായ പ്രകടനം ഇതിന് ഏറെ ഉദാഹരണമാണ്. ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ മാത്രമല്ല. നാട്ടുകൂട്ടങ്ങൾ, ക്ലബ്ബുകൾ, വായനശാലകൾ എന്നിവയെല്ലാം സാമൂഹികവൽക്കരണത്തെ ശക്തിപ്പെടുത്തുന്നുണ്ട്. ഇവിടങ്ങളിലൊക്കെ നടപ്പിലാക്കുന്ന കാവിവൽക്കരണത്തെ ശക്തമായി ചോദ്യം ചെയ്യപ്പെടണം.



# BUDDHIST LUMINARIES FROM KERALA

CRISTINA. K. SHAJI
SECOND YEAR B. A. HISTORY

We all know that Buddhism is a popular religion in the world and once it did also had its roots in kerala it came here due to the influence of emperor Asoka.but Did you know how many Buddhist luminaries were from kerala??

The most robust historical evidence about the flourishing of Buddhism in Kerala came from the records of ancient Tibetan, Chinese, and Japanese Buddhist scholars. They narrate about influential Buddhist masters from Kerala who became world-renowned. These Buddhist masters from Kerala span from 6th century CE to 12th century CE and represents various ways of Buddhist practice and scholarship. We shall see some of those important figures.

## *Acharya Bhavaviveka*

Acharya Bhavaviveka from Kerala was one of the most influential Buddhist philosophers of the 6th century CE. According to the Tibetan Scholar and Historian Taranatha and Bhavaviveka is from the Malyara region (a name used for Kerala) of South India. Belonging to the philosophical lineage of the illustrious Acharya Nagarjuna, Bhavaviveka became well-known for his philosophical system, Svatantrika Madhyamaka. Heated debates between the followers of Bhavaviveka's Svatantrika Madhyamaka and Prasangika Madhyamaka of Buddhapalita and Chandrakirthi kept the Buddhist philosophy circle vibrant for many centuries. Svatantrika and Prasangika are the two major logical approaches in understanding the Madhyamaka philosophy of Nagarjuna.

In his composition, Madhyamaka-Hridaya-Karika and its auto commentary, Tarkajvala and Bhavaviveka showed how Nagarjuna's Sunyata-vada (emptiness) is superior to Gaudapada's Brahma-vada. It may be noted that Nagarjuna in his Sunyata-vada established the Mayopama (illusion-like) nature of all phenomena. Nagarjuna showed that all phenomena are essenceless and arising only due to interdependence of conditions (pratitya-samudpada). Since phenomena do not exist with their own essence, their appearance is like a rainbow, mirage, or illusion. Gaudapada borrowed Nagarjuna's logic, and he also agreed that all phenomena are illusion (Maya), unlike what the earlier Vedantins claimed. However, Gaudapada also postulated a truly existent basis for the illusion in place of Nagarjuna's interdependent arising (pratitya-samudpada) and conditional imputation (upadayaprajñapti). Gaudapada postulated the Brahman of Upatnished is truly existent entity upon which illusionary phenomena arise. Bhavaviveka, in his works, shows that such a postulate of truly existing basis is irrational. It may also be noted that Shankara propagated the thesis of Gaudapada.

## *Yogi Vajrabodhi*

Vajrabodhi, a 7th century CE Buddhist yogi is well-renowned in Japan and China. He was also from Kerala. According to his Chinese biography written by Zanning , he was a native of Malya in South India, in a location close to Potalaka (Agastyakoodam). He and his disciple Amoghavajra (from Sri Lanka) were instrumental in establishing Tantric Buddhism belonging to the Yoga-Tantra class in China. He was the chief guru of the then Chinese emperor. Shingon Buddhism popular in Japan is the continuation of the Yoga Tantra system that Vajrabodhi and his disciples taught in China

## *Ayyappa and Paramabuddha*

Paramabuddha (11th century CE) was a Buddhist Mahasiddha from Kerala [Ref-2]. He is the founder of the Mahayana system of Pacification in Tibet (Shije in Tibet). His system of teaching become one of the eight major practice traditions of Buddhism in Tibet, known as the Ashta maha rathas. His original name was Ajitanatha. His Tibetan disciples called him "ParamaBuddha" who is like a father (Pha Dampa Sangye) out of great reverence.





From the pointers available in the Tibetan biographies of Paramabuddha it can be inferred that Ayyappa of Sabarimala is none other than the Siddha Aryadeva (also known as Ayyamuni) who was Paramabuddha's uncle and Guru. Ayyappa's main Gurus were Mahasiddha Saraha and Yogini Sukhasiddhi. The famed Chod (cutting attachment) tradition established in Tibet by Yogini Machig Labdron, the foremost disciple of Paramabuddha, traces its origin to a short text by Ayyappa on the same. Chod is another major practice among the eight traditions of Buddhism in Tibet.

## *Yogini Gangadhara*

Tibetan historians also mention about an accomplished Yogini named Gangadhara (11th century CE), the daughter of a king of Kerala. Yogini Gangadhara was the companion of the Mahasiddha Advaya Vajra (Maitripa). The Shangpa Kagyu system, one of the eight major traditions known as the Ashta maha rathas in Tibetan Buddhism, is based on the teachings of the Tibetan yogi Khyungpo Naljor (Garuda Yogi), who came to India and studied Vajrayana. Yogini Gangadhara was one of the gurus of Khyungpo Naljor. Mahasiddha Paramabuddha also learned from Mahasiddha Advayavajra and Yogini Gangadhara (also known as Gangabhadri).

## *Vajrasanappa*

Punyasri (Punyakaragupta, 11th century CE), also known as Vajrasanappa, an abbot of the Vajrasana Buddhist monastery at Bodh Gaya was also from Kerala. He studied Buddhist philosophy at Nalanda University and became a master of Buddhist sutras and tantras. He later became the abbot of the Vikramashila Buddhist University, one of the major centers of Buddhist Tantra. Vajrasanappa was the root guru of Nayapala, the then king of the Pala dynasty. He was also known as Mahavajrasanappa as the first Vajrasanappa since three later teachers were also known as Vajrasanappa. His Buddhist lineage spread to Tibet through his disciple Vajrasanappa Ratnakara Gupta to Khyungpo Naljor.

## *Sastha and Buddhism*

Many ancient statues of Bodhisattvas in Kerala are regarded as that of Sastha or Dharma-Sastha. Currently, the Brahminical legend holds Sastha either as a retinue of Siva, or a son of both Siva and Vishnu. However, the original meaning of Sastha is the founder of a Sasana (teaching). Amarakosa, the Sanskrit dictionary, gives Sastha as one of the eighteen epithets of the Buddha. There are many occasions where the Buddha calls himself Sastha. Dharma Sastha particularly means the Buddha, the founder of Dhamma / Dharma / Buddhism. With the decline of Buddhism, the Buddha statues were mostly abandoned in temple ponds. But, the Bodhisattva statues were absorbed into non-Buddhist worship as some or other God. And since these figures were originally from Buddhism, they were called Sasthas.

Some of the famous Sastha statues of Kerala are the ones at (i) Sabarimala, where Siddha Ayyappa is considered as Sastha, (ii) Aryankavu, where Bodhisattva Avalokitesvara is considered as Sastha, (iii) Acchankovil, where the wealth deity Kubera is considered as Sastha.




*Kunnathoor Buddha statue*

# പ്രണയങ്ങൾക്കപ്പുറം



ഇനി സ്വന്തമാവില്ലെന്ന തിരിച്ചറിവിലും,
ഒരു പിൻവിളിക്കായ്
കാതോർക്കാറുണ്ട് പലപ്പോഴും.
കാഴ്ചയെ മങ്ങിച്ച് കണ്ണുനീർ
ഗോളങ്ങൾ ഉരുണ്ടു കേറുമ്പോഴും,
ഒരു ചിത്രമായ് നീയെന്റെ മുന്നിൽ
തെളിഞ്ഞു നിൽക്കും.
അറിയാതെയെങ്കിലും
കൊതിയോടെയൊരു
ദീർഘചുംബനത്തിനായി
ഞാൻ ചേർന്ന് നിൽക്കും.
വിറയാർന്ന കൈകളാൽ
ആ കൈകൊരുക്കാൻ
മായയാണെന്ന തിരിച്ചറിവിലും വൃഥാ
ഒരു ശ്രമം നടത്തും.
ആ വിരിമാറിൽ മുഖം ചേർത്ത് ഒരു
ക്ഷമാപണം പോലെ സങ്കടങ്ങളുടെ
കെട്ടഴിക്കാനാവാതെ മൗനമായിത്തന്നെ
ഞാനാർത്ത് വിളിക്കും.
മിഴിയകലും വരെ പ്രതീക്ഷയുടെ
ഒരു തിരിഞ്ഞു നോട്ടം
പോലും നൽകാതെ
നിർവികാരതയോടെ നിശ്ചലമായ് നിന്ന
മിഴികളെ ശാസനയോടെ തന്നെ
ഞാനിറുകിയടക്കും.
നിന്നോട് ചേർന്നിരിക്കുമ്പോൾ മാത്രം
ഞാൻ തിരിച്ചറിഞ്ഞ എന്നിലെ പെണ്ണ്
ഭ്രാന്തിയെ പോലെ അലറി
വിളിച്ചെങ്കിലും അതിലേറെ വേദനയിൽ
തന്നെ കടിഞ്ഞാണിൽ കുരുത്തു
വെച്ചു.
സ്നേഹം കൊണ്ട് വീർപ്പുമുട്ടി
ആരുടെയൊക്കെയോ കരവലയത്തിൽ
പെട്ടന്ന്
ഉള്ള് നുറുങ്ങുന്ന വേദനയിൽ
ഞാൻ സ്വയം വിട്ടുകളഞ്ഞുവെന്ന
നഷ്ടബോധത്തോടുകൂടെത്തന്നെ.


**അനഘ. ബി. പി**
**ഒന്നാം വർഷം ബി. എ. മലയാളം**

# മോർച്ചറി ബാലൻ

'ജീവിതത്തിൽ ഞാൻ പുതിയ വേദനകളെ കണ്ടു മുട്ടുന്നു, അവസാനമായി ഒരു മനുഷ്യന്റെ രൂപത്തിൽ തന്നെ' തമ്പാന്നൂരിലെ വാടക കെട്ടിടത്തിലിരുന്ന് കത്തിലെഴുതിയ അവസാനത്തെ വരികൾ ഇങ്ങനെയാണ്. 'പഴക്കം ചെന്നതിനെ മോടി പിടിപ്പിക്കുന്ന നഗരമാണിത്, ഒരർത്ഥത്തിൽ നഗരങ്ങൾ നിലനിൽക്കുന്നത് തന്നെ മോടി പിടിപ്പിക്കലുകളി ലാണ്. ഛായങ്ങൾ പൂശിയോ, കവലകൾക്കും വഴി താരകൾക്കും പേര് നൽകിയോ ഹാലജൻ തെരുവ് വിളക്കുകൾക്ക് പകരം സോളാർ കൊണ്ട് വന്നോ പുതുത് പുതുത് എന്ന് സ്വയം പറഞ്ഞു കൊണ്ടിരിക്കുകയാണ്. അതിന്റെ അടിസ്ഥാന സ്വഭാവം വാടകക്കാരന്റെ ഹൃദയമാണ് നഗരങ്ങൾക്ക് ' ആ വരികൾ മുൻപൊരു പുസ്തകത്തിൽ വായിച്ചിട്ടുണ്ട്, ഋതുവിന്റെ ഒരോ വർഷക്കാലവും നഗരത്തിലെ താമസക്കാർ മാറി കൊണ്ടിരിക്കും. ദിവസങ്ങൾക്ക് മുന്നേ ഞാനെത്തി ചേർന്നത് പോലെ. ഇവിടെ വർഷങ്ങൾക്ക് മുൻപ് താമസിച്ചത് ഓർമയിലുണ്ട്. അതിൽ നിന്നും എന്നിലുണ്ടായ മാറ്റത്തേക്കാൾ ഭീകരമാണ് നഗരത്തിന്റെ മാറ്റമെന്ന് ഞാൻ സ്വയം കരുതി.

കാലങ്ങൾക്ക് ശേഷം ഇതിനെ കുറിച്ച് ഞാൻ അന്വേഷിക്കാൻ ഇടയുണ്ടാകുമെന്ന് അന്ന് കരുതിയിരുന്നില്ല, എങ്കിലും ജോലി ചെയ്ത് കൊണ്ടിരിക്കുന്ന മാസികയിലേക്കുള്ള പുതിയ ലേഖനം തയ്യാറാക്കാനുള്ള ചുമതല വർഷങ്ങൾക്ക് ശേഷം നിയോഗമെന്നത് പോലെ അതേ മോർച്ചറിയിലേക്ക് എനിക്ക് പോകേണ്ടിയിരിക്കുന്നു. നിയോഗങ്ങളിൽ മനുഷ്യർക്ക് പലപ്പോഴും വിശ്വസിക്കേണ്ടി വരുന്നു. വായനശാലയിലെ മാസികയിൽ വായിച്ചതിനെ കുറിച്ചാണ് പറയുന്നത്, വർഷങ്ങൾക്ക് മുന്നെയാണ് മുപ്പതോളം വർഷമെങ്കിലും കടന്ന് പോയിക്കാണണം. അന്നത്തെ ജില്ലാ ആശുപത്രിയിലെ പ്രശസ്ത വിഭാഗം മോർച്ചറിയായിരുന്നു. പെരുവിരലിന്റെ കഴുത്തിൽ അക്കമിട്ട അനേകം മൃതദേഹങ്ങളെ കുറിച്ചുള്ള ഒരു ലേഖനം തന്നെ. അനാഥമായി ജനിക്കുന്നത് പോലെ ഭീകരമാണ് അങ്ങനെ മരിക്കേണ്ടി വരുന്നതും, ദീർഘമേറിയതോ ഹൃസ്വമോ എന്ത് തന്നെ ആയാലും മാറ്റാരുടെയും ഓർമകളിൽ ഒരു പോറൽ പോലും ഏൽപ്പിക്കാതെ കടന്ന് പോകുന്ന ജന ജീവിതങ്ങളെ കുറിച്ച് അന്നതിൽ പറയുന്നുണ്ടായിരുന്നു. മരണത്തിന്റെ ശേഷിപ്പുകളെ കുറിച്ചുള്ള ആ എഴുത്ത് അവസാനിക്കുന്നത് ജില്ലാ ആശുപത്രിക്ക് മുന്നിൽ ഭിക്ഷയാചിച്ചു കൊണ്ടിരുന്ന തമിഴത്തി പെണ്ണിന്റെ പ്രസവത്തോടെയാണ്, മോർച്ചറിക്ക് മുൻപിൽ തന്നെ, 'നഗരത്തിന്റെ കല്ലറ പ്രസവിച്ചിരിക്കുന്നു, നിർഭാഗ്യവാൻ. അവന് ജീവനുണ്ടായി, തങ്ങാൻ മോർച്ചറിയിൽ ഇടമില്ല, ജീവിക്കാനോ..?' അത് വല്ലാത്തൊരു അവസാനിപ്പിക്കലായിരുന്നു, വർഷങ്ങൾക്ക് ശേഷം ഇവിടെ കൊണ്ടെത്തിക്കാൻ പാകത്തിലുള്ള ചോദ്യമുന.

ഫോർമാലിന്റെ മയക്കുന്ന ഗന്ധം മാത്രമുള്ള കൂറ്റൻ കെട്ടിടമാണ് മോർച്ചറി, മോർച്ചറിക്കും മോടി കൂടിയിട്ടുണ്ട്. എണ്ണത്തിലും വണ്ണത്തിലും. ശവങ്ങളെ കുളിപ്പിക്കുന്ന, കൊഞ്ചിക്കുന്ന അതിന് പുതിയ കുപ്പായങ്ങൾ ഇട്ട് കൊടുക്കുന്ന, പെരുവിരലിന്റെ അറ്റം കൂട്ടി കെട്ടിട്ട് എണ്ണി വെക്കുന്ന പരുക്കനായ ചെറുപ്പക്കാരൻ മാത്രമാണ് അതിന്റെ ജീവിക്കുന്ന ശേഷിപ്പ്. വിക്കി വിക്കിയാണ് അയാൾ സംസാരിച്ചിരുന്നത്,

'നീ നീ അ, അ അൺ, അൺ ഐഡന്റിഫൈയ്ഡ് 87/22, പേരിതാണ്,' കൈയുറകൾ ഊരി കളഞ്ഞു കവിളുകളെ നുള്ളിയെടുത്തു കൊണ്ടാണ് അയാൾ സംസാരിക്കുന്നത്, ഇരുപതിയെട്ടിന് കാർണവന്മാർ ചെവിയിൽ പേര് പറയുന്ന അതേ വാത്സല്യത്തോടെ. എന്നെ കണ്ടതും അയാളൊന്ന് പരുങ്ങി, പിൻവലിഞ്ഞു. ജീവിച്ചിരിക്കുന്നവർക്ക് ഇവിടെന്താണ് കാര്യമെന്ന മട്ടിൽ അയാളെന്നെ നോക്കി കൊണ്ടിരുന്നു. ശവങ്ങളെ പോലെ തന്നെയാണ് അയാളും കാണപ്പെട്ടത്, വല്ലാത്തൊരു കനം കണ്ണിലും നെറ്റിയിലും തഴമ്പിച്ചു കിടപ്പുണ്ട്. ഇടതൂർന്ന ചെമ്പിച്ച താടി രോമങ്ങളിൽ മുറുക്കാന്റെ ചെവന്ന പാടുണ്ട്. 'കാ, കാ കാര്യന്താ,' തല കുമ്പിട്ടു മൃതദേഹങ്ങൾ പൊതിഞ്ഞു വച്ചിരിക്കുന്ന കോണിലേക്ക് കണ്ണുകൾ കെട്ടിവച്ചയാൾ ചോദിച്ചു. 'ബാലൻ..? '
'ഉം ഉം, ഞാ, ഞാനാണ്, ബാലൻ,' 'ഞാനിവിടെയൊരു മാസികയിൽ ജോലി ചെയ്യുകയാണ്, എനിക്ക് ചിലത് ചോദിച്ചറിയാനുണ്ടായിരുന്നു.' അയാളുടെ കണ്ണിലൊരു തിരയിളക്കം കാണാം, ശേഷിക്കുന്ന മനുഷ്യരിൽ ആദ്യമായി അയാളോട് സംസാരിക്കാൻ പോകുന്നത് താനായിരിക്കണം.. ഞാനെന്ത് ചോദിക്കും, മോർച്ചറിയിൽ കഴിയുന്ന ഒരു ചെറുപ്പകാരനോട് ലോക മര്യാദയുടെ സുഖ വിവരങ്ങൾ അന്വേഷിക്കുക എങ്ങനെയാണ്.. 'സാ, സാ സാറിന് എന്നതാ അറിയണ്ടേ..? 'അയാളെന്നെ ചൂഴ്ന്ന് നോക്കുന്നത് പോലെ, മരിച്ചവർ പോലും കാണിക്കുന്ന മര്യാദ എനിക്കില്ലെന്ന് തോന്നി. 'ബാലനെ കുറിച്ചാണ് അറിയേണ്ടത് ' അയാൾ പൊട്ടിച്ചിരിച്ചു, ഒരു കവിൾ മുറുക്കാൻ, ശവത്തിന്റെ മുഖത്തേക്ക് ഊർന്ന് വീണു, അയാൾ അനേകം മാപ്പുകളോടെ, സൂക്ഷ്മമായി കൈകൊണ്ടവ തുടച്ചെടുത്തു, കവിളിൽ സ്നേഹത്തോടെ ഒരു ചുംബനം കൊടുത്തു. ഞാൻ പുറകോട്ടിറങ്ങി അവിടെ നിന്ന് ഇറങ്ങി ഓടിയാലോ എന്ന് കരുതി. മുറുക്കാൻ പൊതിയോട് ചേർന്ന് മഞ്ഞ പിടിച്ച ഒരു പത്രശകലം അയാളെനിക്കെടുത്തു നീട്ടി, 'ആ.. അമ്മേ കു കുറി കുറിച് ഇതിലുണ്ട് സാ, സാറേ..' കണ്ണുകൾക്ക് പോയ കാലത്തിന്റെ വേഗം തിരിച്ചു കിട്ടിയത് പോലെ ഞാനത് ഓടിച്ചു വായിച്ചു, 'നഗരത്തിന്റെ കല്ലറ പ്രസവിച്ചിരിക്കുന്നു,നിർഭാഗ്യവാൻ,അവന് ജീവനുണ്ടായി, തങ്ങാൻ മോർച്ചറിയിൽ ഇടമില്ല, ജീവിക്കാനോ..? '

വിക്കെനിക്ക് അനുഭവപ്പെടുകയാണ്. മോർച്ചറി ബാലൻ, അതവന്റെ പേര് ആയിരിക്കില്ല, മോർച്ചറിയിൽ ജനിച്ചതിന്റെ ബഹുമതി ആയിരിക്കണം, അവമതി എന്ന് പറയാൻ ഞാൻ മടിച്ചു..

'ഇവരെന്റെ കൂട്ടാരാണ് സാറെ, ഞാനിവരോട് കഥ പറയും, വെഷമം പറയും, സ്നേഹം വരുമ്പോ ഉമ്മ കൊടുക്കും. മോർച്ചറി ബാലന് മറ്റെന്താണ് ജീവിതത്തിലുള്ളത്..! ജീവിച്ചിരിക്കുന്ന മനുഷ്യരോട് അത്രധികം ഞാനിടപ്പെട്ടിട്ടില്ല, വണ്ടി കേറി ചത്ത 18/22 എനിക്ക് കുറച്ച് പുസ്തകങ്ങൾ തന്നു, ഒഴിവ് കിട്ടുമ്പോ ബാലൻ അത് വായിക്കും, ഒരിക്കൽ ബാലനും ഇത് പോലെ പുതിയ കുപ്പായം ഒക്കെ ഇട്ട് ഇതിന്റെ ഒരിടേൽ കിടക്കും. പക്ഷെ എനിക്ക് പേരുണ്ട്, ബാലൻ, മോർച്ചറി ബാലൻ.' തന്നെ കുറിച്ച് മറ്റൊരാളോട് വിവരിക്കുന്ന അത്രയും നേരവും അയാൾ വിക്കിയില്ല..

കരയണമെന്നുണ്ടായി, ഞാൻ ഒരു കടൽ കയറ്റത്തിന് ശേഷമുള്ള തിരയുടെ പിൻ വാങ്ങൽ കണക്കെ ഉൾവലിഞ്ഞ് നിശബ്ദനായി. ബാലന്, ഞാനെന്ത് മറുപടി കൊടുക്കും. ജീവിതത്തിൽ അയാൾക്ക് കൊടുക്കാൻ എനിക്ക് വാഗ്ദാനങ്ങളില്ല, മരണത്തിൽ അയാളുടെ സുഹൃത്താകാൻ എനിക്ക് കഴിയുകയുമില്ല, എനിക്ക് പേരുണ്ടെന്നതിൽ ഒരു നിമിഷം ഞാൻ ദുഖിക്കുകയാണ്. തണുത്ത പരിസരത്തിന്റ ഫോർമാലിൻ ചൊവ ഞങ്ങൾക്കിടയിൽ കടൽ പാലം കെട്ടുകയാണ്, അധിക നേരം അവിടെ തങ്ങാനുള്ള ശേഷിയെനിക്കില്ല, പുത്തൻ പ്രതീക്ഷകളുടെ വലിയൊരു ഭാരം ഞാനവിടെ ഇറക്കി വച്ചിരിക്കുന്നു. അൺഐഡന്റിഫൈയ്ഡ് 88/22 എന്ന് ബാലൻ അതിന് പേര് കൊടുക്കുമായിരിക്കും. പ്രതീക്ഷകളുടെ ശവക്കല്ലറകൾ എന്നെ ഗർഭം ധരിക്കുന്നത് പോലെ, അതിന്റെ പുലരികൾ നമ്മെ തൊടാതെ കടന്ന് പോവുമെന്ന യാഥാർഥ്യം ബാക്കിയാവുകയാണ്.

'ബാലൻ, ഞാൻ പോകുന്നു, നമ്മൾ വീണ്ടും കാണും, മരണത്തിനും ജീവിതത്തിനുമിടയിലുള്ള നമ്മുടെ പുലരി അകലെയാണ്..'

**അശ്വിൻ. സി. എസ്**
**മൂന്നാം വർഷം ആർക്കിയോളജി**



# മനുഷ്യനും വിശ്വാസങ്ങളും


## കാർത്തിക മുരളി
## ഒന്നാം വർഷം ബി. എ. പൊളിറ്റിക്കൽ സയൻസ്


മനുഷ്യൻ ജനിക്കുമ്പോൾ തൊട്ട് ആ 'വ്യക്തിയിൽ' അടിച്ചേൽപ്പിക്കപ്പെടുന്ന മതവും, വിശ്വാസങ്ങളും, ആചാരങ്ങളും, ലേബലുകളും എല്ലാം അവരുടെ വ്യക്തിത്വത്തെയും ചിന്താഗതിയെയും സ്വാധീനിക്കും. ഒരു സാമൂഹ്യജീവിയായ മനുഷ്യനിൽ കുടുംബം ആയിരിക്കും ഏറ്റവും കൂടുതൽ സ്വാധീനം ചെലുത്തുന്നത്. സമകാലിക സമൂഹത്തിൽ ഏറെ ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും എല്ലാം ഒരു വാസസ്ഥലം കുടുംബമാണ്. ആണിനും പെണ്ണിനും വെവ്വേറെ നീതി കുടുംബത്തിൽ തന്നെ പരിചരിച്ചു പോരുന്ന കുട്ടി അതിനോട് പൊരുത്തപ്പെട്ട് വളർന്നുവരുന്നു. കണ്ണു തട്ടാതിരിക്കാൻ ഉള്ള ഉഴിഞ്ഞിടലും, പ്രേതത്തെ ഭയക്കാതിരിക്കാൻ ഉള്ള ഏലസ്സ് കെട്ടലും, ജാതക പൊരുത്തങ്ങളും, ഭാഗ്യ നക്ഷത്രങ്ങളും എല്ലാം ഓരോരുത്തരുടെയും വിശ്വാസങ്ങളും താത്പര്യങ്ങളുമായി നോർമലൈസ് ചെയ്യപ്പെടുന്നു. ഇത്തരം വ്യക്തിപരമായ അന്ധവിശ്വാസങ്ങൾ വ്യക്തികളിൽ നിന്ന് കുടുംബങ്ങളിലേക്കും കുടുംബങ്ങളിൽ നിന്ന് സമൂഹത്തിലേക്കും പടർന്നു പിടിക്കുന്നു, ശാസ്ത്രീയമായി ചിന്തിക്കാനുള്ള മാനവിക ബോധ്യത്തിൻമേൽ മേധാവിത്വം സ്ഥാപിക്കുന്നു, ഈ മേധാവിത്വമാണ് കേരളീയരെ ഞെട്ടിച്ച ഇലന്തൂരിലെ നരബലിക്കും മറ്റ് അനേകം ദുരഭിമാന കൊലകൾക്കും, എണ്ണിത്തിട്ടപ്പെടുത്താൻ ആകാത്ത മന്ത്രവാദ ചികിത്സകൾക്കും കാരണമായത്.

ചൂഷണങ്ങൾ നിലനിൽക്കുന്ന സാമൂഹിക പരിസ്ഥിതിയിൽ മനുഷ്യന് ആശ്വാസമായി മതങ്ങൾ മാറുന്നുണ്ട് എന്നത് വാസ്തവമാണ്. എന്നാൽ ഈ മതങ്ങളുടെ അന്ധമായ തലങ്ങളിലേക്ക് പോകുന്ന മനുഷ്യർ പ്രകാശ വർഷങ്ങൾക്ക് ഇപ്പുറം മിന്നി നിൽക്കുന്നതോ, തമോഗർത്തങ്ങളായി മാറിപ്പോയതുമായ നക്ഷത്രങ്ങൾ നമ്മുടെ നിത്യ ജീവിതത്തെ സ്വാധീനിക്കും എന്നും അത്രയും അബദ്ധമായ വിശ്വാസങ്ങൾ പോലും വെച്ചുപുലർത്താൻ തയ്യാറാകുന്നുണ്ട്. ദൈവ പ്രീതിക്കായും ഐശ്വര്യ ലബ്ധിക്കായും മനുഷ്യർ മനുഷ്യരെ തന്നെ കൊല്ലുന്ന പ്രാകൃതകാലത്തേതെന്ന് നമ്മൾ വിശ്വസിച്ചിരുന്ന ദുരാചാരമാണ് പ്രബുദ്ധ കേരളത്തിൽ നടന്നത്. ധനസമ്പാദ്യത്തിനു വേണ്ടി മക്കളെ കഴുത്തു ഞെരിച്ചു കൊലപ്പെടുത്തിയ പിതാവും, സന്താന ലബ്ധിക്കായി എട്ടുവയസ്സുകാരിയെ കൊന്ന് കരൾ ഭക്ഷിച്ച കുടുംബവും എല്ലാം അന്ധമായ വിശ്വാസങ്ങളുടെ കെണിയിൽ പെട്ടുപോയ പരിഷ്കൃത സമൂഹത്തിന്റെ പരിച്ഛേദനങ്ങളാണ്. അനാചാരങ്ങളുടെ സംരക്ഷണത്തിനായി തെരുവിൽ ഇറങ്ങുന്ന, ജീവൻ അപഹരിക്കാൻ പോലും മടിക്കാത്ത ഒരാൾക്കൂട്ടം ഉള്ളതുകൊണ്ടാണ് ആൾദൈവങ്ങൾക്കും മന്ത്രവാദികൾക്കും ഒരു ആശങ്കയും ഇല്ലാതെ നാട്ടിൽ മന്ത്രവാദ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാൻ കഴിയുന്നത്. എല്ലാ ബന്ധങ്ങളെയും പണത്തിന്റെ അടിസ്ഥാനത്തിൽ നോക്കിക്കാണുന്ന മുതലാളിത്തത്തിന്റെ മൂല്യബോധങ്ങൾ അന്ധവിശ്വാസങ്ങളിൽ വ്യക്തമായി പ്രതിഫലിക്കുന്നുണ്ട്. പണസമ്പാദന ഏലസ്സും, കൃപാസന പത്രവുമെല്ലാം പാവപ്പെട്ടവരെ മാനസികമായി തളർത്തി അവരുടെ ദുർബലതയെ ചൂഷണം ചെയ്യാനുള്ള ഉപാധികളായി മാറുന്നുണ്ട്.

തിരഞ്ഞെടുക്കപ്പെട്ട 'ഏകാധിപത്യ ഗവൺമെന്റ്' ഭരിക്കുന്ന സമകാലിക ഇന്ത്യയിൽ സർക്കാർ സംവിധാനങ്ങൾ പോലും അന്ധവിശ്വാസങ്ങളുടെ പ്രചാരണത്തിനായി ചുക്കാൻ പിടിക്കുന്നു എന്നതാണ് വസ്തുത. ലോകത്തെ വിറപ്പിച്ച കൊറോണ മഹാമാരി ഇന്ത്യയിലെ ദശലക്ഷക്കണക്കിന് ജനങ്ങളെ കൊന്നൊടുക്കി കൊണ്ടിരുന്നപ്പോൾ കൊറോണയെ തുരത്തുവാൻ രാത്രി 9 മണിക്ക് വീട്ടിലെ ലൈറ്റ് അണയ്ക്കുകയും ദീപം തെളിയിക്കുകയും ചെയ്യുകയെന്നാണ് ഇന്ത്യൻ പ്രധാനമന്ത്രി രാജ്യത്തെ ജനങ്ങളോട്

ആഹ്വാനം ചെയ്തത്. കോവിഡിനെതിരെ പ്ലേറ്റും തവിയും കൂട്ടിയടിച്ച് ശബ്ദമുണ്ടാക്കാനുള്ള അദ്ദേഹത്തിന്റെ ആവശ്യപ്രകാരം രാജ്യത്ത് അങ്ങോളം ഇങ്ങോളം ഉള്ള ജനങ്ങൾ കൂട്ടമായി ഇറങ്ങി തവി, പാത്രങ്ങൾ, സ്പൂണുകൾ, തുടങ്ങിയവയുമായി വൻ റാലികൾ നടത്തി. അടിയന്തരഘട്ടങ്ങളിൽ ശാസ്ത്രീയവും യുക്തിപൂർവ്വമായ നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ ജനങ്ങളോട് സംസാരിക്കേണ്ട ഭരണാധികാരികളുടെ ഭാഗത്തുനിന്നാണ് ഇത്തരം മനുഷ്യത്വ വിരുദ്ധവും സാമൂഹിക വിരുദ്ധവുമായ നടപടികൾ ഉണ്ടായിട്ടുള്ളത്. കൊറോണ വാക്സിനേഷൻ നടത്തുന്നതിന് പകരം ഗോമൂത്രം കുടിച്ചാൽ മതിയെന്ന പ്രചാരണത്തിന് ചുക്കാൻ പിടിച്ചത് അഖില ഭാരതീയ ഹിന്ദു മഹാസഭയാണ്. ലോകത്തെ ആദ്യത്തെ അവയവ മാറ്റ ശസ്ത്രക്രിയ നടന്നത് ഗണപതിയിൽ ആണെന്ന 'കണ്ടുപിടിത്തം' നടത്തിയത് ഇന്ത്യയുടെ പ്രധാനമന്ത്രിയാണ്. മഹാഭാരതത്തിലെ ജനറ്റിക് സയൻസിനെയും, രാവണന്റെ പുഷ്പക വിമാനത്തിലെ ടെക്നോളജിയെയും, പ്രാചീന ഇന്ത്യയിലെ പ്ലാസ്റ്റിക് സർജറിയെ കുറിച്ചും എല്ലാം വാചാലരാകുന്നത് രാജ്യത്തിന്റെ ഭരണചക്രം കയ്യിൽ ഉന്തുന്നവരാണെന്നുള്ള വസ്തുത ഈ പ്രചരണങ്ങൾ രാജ്യത്തെ സാധാരണക്കാരായ ജനങ്ങളിൽ എത്രമാത്രം അന്ധമായ സ്വാധീനം ചെലുത്തുന്നുണ്ടെന്ന് വ്യക്തമാക്കുന്നു. തുടക്കത്തിൽ വിവിധ മത വർഗീയവാദികളാണ് ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചു കൊണ്ടിരുന്നതെങ്കിൽ ഇപ്പോൾ രാജ്യത്തെ പ്രധാനപ്പെട്ട ശാസ്ത്ര വിദ്യാഭ്യാസ ഇൻസ്റ്റിറ്റ്യൂട്ടുകളും അശാസ്ത്രീയ പ്രചരണങ്ങൾ ഏറ്റെടുത്തു നടത്തുന്നുണ്ട്. കാസർകോഡിലെ വെജിറ്റേറിയൻ മുതല ചത്തതിലുള്ള പ്രബുദ്ധ മലയാളികളുടെ ഖേദപ്രകടനത്തെ ഇതുമായി കൂട്ടിച്ചേർത്ത് വായിക്കാവുന്നതാണ്.

സ്ത്രീകളെ കണ്ടാൽ ബ്രഹ്മചര്യം നശിക്കുന്ന ദൈവങ്ങളുള്ള, ആർത്തവമുള്ള സ്ത്രീയെ അശുദ്ധിയായി മാറ്റിനിർത്തുന്ന സമൂഹത്തിൽനിന്ന് കൊണ്ട് അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരെ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തേണ്ടതിന്റെ ആവശ്യകത തിരിച്ചറിയപ്പെടേണ്ടതുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ വഴി സാമൂഹികമായോ രാഷ്ട്രീയപരമായോ മതപരമായോ നേട്ടങ്ങളോ സാമ്പത്തിക ലാഭമോ ഉണ്ടാക്കാനോ അതുവഴി മറ്റൊരാൾക്ക് കഷ്ടനഷ്ടങ്ങൾ ഉണ്ടാക്കുവാനോ പാടില്ല. അനാചാര അന്ധവിശ്വാസ പ്രവർത്തനങ്ങളുടെ പ്രോത്സാഹനത്തിനായോ, പ്രേരകമായോ, ദൃശ്യശ്രവണ ഇലക്ട്രോണിക് മാധ്യമങ്ങൾ ഉപയോഗിക്കുന്നത് കർശനമായി വിലക്കണം. സർക്കാർ ശമ്പളം പറ്റുന്നവരോ, ജനപ്രതിനിധികളോ, അന്ധവിശ്വാസ പ്രവർത്തനങ്ങളുടെ പ്രചാരകരോ വിശ്വാസികളോ ആവാൻ പാടില്ല. ഈ തലങ്ങളെല്ലാം കണക്കിലെടുത്തുകൊണ്ട് 'അന്ധവിശ്വാസ നിർമ്മാർജ്ജന ബിൽ' കൊണ്ടുവരാൻ അധികാരികൾ തയ്യാറാവണം. പുതിയ നിയമങ്ങൾ കൊണ്ടുവരുന്നതിനോടൊപ്പം അവ നടപ്പിലാക്കാൻ കൃത്യമായ സംവിധാനങ്ങളും വേണം. കേവലം നിയമം മൂലം മാത്രം തടയാൻ കഴിയുന്നതല്ല ഇതെന്ന് വ്യക്തമാണ്. ജനങ്ങൾക്കിടയിൽ ശാസ്ത്ര ചിന്ത വളർത്തുകയും ബോധവൽക്കരണം നടത്തുകയും ആണ് യഥാർത്ഥ പരിഹാരം. സതിയേയും ശൈശവവിവാഹത്തെയും പോലെ നിർമാർജനം ചെയ്യപ്പെടേണ്ടതാണ് മറ്റെല്ലാ അനാചാരങ്ങളും.

ഇന്ത്യയുടെ വളച്ചൊടിക്കപ്പെട്ട ഭൂതകാലം തീവ്ര ദേശീയതയുടെ ആയുധമാണ്. ഐതിഹ്യങ്ങളിലും, കെട്ടുകഥകളിലും രാജ്യത്തിന്റെ ചരിത്രത്തെ തളച്ചിടാൻ ശ്രമിക്കുന്ന ഇക്കാലത്ത് ഏത് അടിയന്തരഘട്ടത്തിലും രാമായണവും, മഹാഭാരതവും, വഴി തീവ്രദേശീയത വിതരണം ചെയ്യാൻ മതതീവ്രവാദികൾ ശ്രമിച്ചുകൊണ്ടേയിരിക്കും. അതിനെതിരെ പ്രവർത്തിക്കാതെ, പ്രതികരിക്കാതെ രാജ്യത്തെ അടിസ്ഥാന വർഗ്ഗക്കാരിൽ അടിച്ചേൽപ്പിക്കപ്പെട്ട അന്ധവിശ്വാസങ്ങൾക്ക് ഒരു മാറ്റവും വരാൻ പോകുന്നില്ല. ഇന്ത്യൻ ഭരണഘടനയുടെ ഭാഗം 4 എ യിലെ മൗലിക കർത്തവ്യങ്ങളിൽ ഉൾപ്പെട്ട 'രാഷ്ട്രവും ജനങ്ങളും ശാസ്ത്രീയ മനോഭാവവും, മാനവികതയും അന്വേഷണത്തിനും പരിഷ്കരണത്തിനും വേണ്ട മനോഭാവവും വികസിപ്പിക്കണം, സ്ത്രീകളുടെ അന്തസ്സിന് കുറവ് വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കണം' എന്നീ കർത്തവ്യങ്ങൾ പാലിക്കുക അത് പാലിക്കാൻ മറ്റുള്ളവരെ പ്രേരിപ്പിക്കുക.

# THE DREAM'S DREAM CHILD

FARZEEN FAIZAL
FIRST YEAR M. A. ENGLISH

When the castles I built in the air
slowly crumpled down
into the stardust
I now carry in my eyes-
the light they elicit warmed me up
in the winter woods of nude trees
standing tall and staring.

Amidst the piercing frost lay,
the time's tiny blossoms
facing the slow-paced moon being chased
by the fading clutter of clouds.
I picked up one
with my bare, bare fingers
to find my arm drown
in a glimmer of fireflies.

Grey is what's cocooning me around.
But the mere touch of my feet,
on the barren, yet winter-wet grounds
beneath the centuries old willow tree;
Parted ways to unravel a silver canal
of serene moonlight,
shamelessly inviting me to take a dip
down its depth to drown my whole being.

A broken piece of the mighty moon
fell right into the pocket
protruding right out from my heart
and made me melt
right away, and into
the stream of dreams
I am tippling in

Then the mystic magic of the dreams
Of every soul scattered across this galaxy
wrapped my consciousness
into a tiny ball that got thrown -
into deeper depths even beyond
and beneath the Pacific -
by the Sun's golden rays from the realm
where my real, concrete body lay asleep.

My eyes are now forced open
into the dark, dreadful world
that's nothing less than
a dwindled and damned graveyard.
The efforts to transport myself back
to the serenity of the dreams went vainly.
My shifted gaze to the cankered surface
of my ceiling invited giddiness
again, to myself.

And when I doze,
I'll be there again, at least halfway
wherever I was before all these-
as my eyelids close.
Adding dreams to the dry soup of my life
will gradually, eventually, inevitably
adorn the walls of my grave
in this grieving world,
with happiness, I believe.
After all, dreams are what one's made of.
I'm made of.
And I make them further, in return
for making me.



# മാനവ സ്നേഹത്തിന്റെ 205 വർഷങ്ങൾ

വിഘ്നേഷ്. ടി
രണ്ടാം വർഷം ബി. എ. മലയാളം

'ജീവിച്ചിരിക്കുന്നവരിൽ വച്ച് ഏറ്റവും മഹാനായ ചിന്തകൻ' എന്നാണ് ഏംഗൽസ് മാർക്സിന്റെ ശവസംസ്കാര വേളയിൽ പറഞ്ഞിരുന്നത്. ഈ വിശേഷണത്തെ നിഷേധിക്കാൻ മാർക്കിസ്റ്റ് വിരുദ്ധർക്ക് പോലും സാധിക്കില്ല. നൂറ്റാണ്ടുകളായി മനുഷ്യൻ അനുഭവിക്കുന്ന ചൂഷണ വ്യവസ്ഥിതിക്ക് അന്ത്യം കുറിക്കുന്നതിന് മാർക്സ് മുന്നോട്ടു വെക്കുന്ന മാക്സിസം ഇന്നും എന്നും പ്രസക്തമാണ്. മാർക്സ് തന്നെ ഒരിക്കൽ പറയുകയുണ്ടായി 'തത്ത്വശാസ്ത്രജ്ഞർ ലോകത്തെ വ്യാഖ്യാനിച്ചിട്ടുള്ളൂ. എന്നാൽ അവ മാറ്റിത്തീർക്കുക എന്നതാണ് പ്രധാനം'. ലോകത്തെ അടിസ്ഥാനപരമായി മാറ്റിമറിക്കുന്നതിനും പുതിയൊരു ലോക വ്യവസ്ഥിതി സൃഷ്ടിക്കുന്നതിനുള്ള ഏറ്റവും ശക്തമായ ആയുധമാണ് ഇന്നും കാൾമാർക്സും അദ്ദേഹത്തിന്റെ മാർക്സിസവും. ലോകമാസകലവും നടക്കുന്ന ചൂഷണത്തിനും വർദ്ധിച്ചുവരുന്ന ജീവിത ദുരന്തങ്ങൾക്കും സാമൂഹികമായ അടിച്ചമർത്തലുകൾക്കും എതിരായി നടക്കുന്ന പോരാട്ടങ്ങൾക്ക് ഇന്നും വഴികാട്ടിയാകുന്ന തത്ത്വശാസ്ത്രം മാർക്സിസം ആണ്.

മുതലാളിത്ത വ്യവസ്ഥിതിയിലെ കുഴപ്പങ്ങളെ അല്ല മറിച്ച് കുഴപ്പങ്ങൾ നിറഞ്ഞ മുതലാളിത്ത വ്യവസ്ഥിതി തന്നെയാണ് സാമൂഹിക പ്രതിസന്ധി സൃഷ്ടിക്കുന്നത്. ചൂഷണവും പ്രതിസന്ധിയും ഇല്ലാതെ മുതലാളിത്ത സമ്പത്വ്യവസ്ഥ നിലനിൽക്കുന്നില്ല. കേവലം ലാഭം ലക്ഷ്യമാക്കി കൊണ്ട് മുതലാളിത്തം നടത്തുന്ന അനീതികളുടെ ദുരന്തം ഏറ്റവും കൂടുതൽ അനുഭവിക്കുന്നത് അടിസ്ഥാന വർഗ്ഗത്തിൽ പെടുന്ന ബഹുഭൂരിപക്ഷ മനുഷ്യരാണ്. കടുത്ത മത്സരമാണ് മുതലാളിത്ത വ്യവസ്ഥിതിയുടെ പ്രധാനപ്പെട്ട മുഖമുദ്ര. ഈ മത്സരം ആദ്യഘട്ടത്തിൽ താരതമ്യേന ഗുണഫലങ്ങൾ സൃഷ്ടിക്കുമ്പോൾ അവസാന ഘട്ടത്തിൽ ഇവ കടുത്ത സംഘർഷമായി രൂപപ്പെടുന്നു. പിന്നീട് സംഘർഷങ്ങൾ യുദ്ധത്തിലേക്കും പോരാട്ടങ്ങളിലേക്കും വഴിതെളിക്കുന്നു. മുതലാളിത്തവ്യവസ്ഥിതി അരാജകത്വപരമായ വ്യവസ്ഥിതി കൂടിയാണ്. ഇതിനെ തുടർന്ന് മിച്ച മൂല്യം മുതലാളി തട്ടിയെടുക്കുന്നു. വളരെ തന്ത്രപരവും ബലപ്രയോഗത്തിലൂടെയും ആണ് മൂല്യം ഇവർ കവർന്നെടുക്കുന്നത്. ഇതിലൂടെ സമ്പന്നൻ അതിസമ്പന്നനായി മാറുകയും, ദുർബലൻ അതീവ ദുർബലനായി മാറുകയും ചെയ്യുന്ന സാഹചര്യം സംജാതമാകും.

മുതലാളിത്ത വ്യവസ്ഥിതിയുടെ അടിസ്ഥാന വൈകല്യം എന്നത് ഉൽപ്പന്നത്തിന്റെ സാമൂഹിക സ്വഭാവം കൈവശപ്പെടുത്തി വ്യക്തിഗത സ്വഭാവമാക്കി മാറ്റുക എന്നതാണ്. ഇതിലൂടെ മുതലാളിത്തം സൃഷ്ടിക്കുന്ന അന്യവൽക്കരണവും വാണിജ്യവൽക്കരണവും കടുത്ത സാമൂഹിക, സാമ്പത്തിക വിവേചനങ്ങൾക്ക് കാരണമാകുന്നു. അന്യവൽക്കരണത്തിലൂടെ ഉത്പന്നത്തിന്റെ മേൽ തൊഴിലാളി വർഗ്ഗത്തിന്റെ നിയന്ത്രണവും ബന്ധവും നഷ്ടപ്പെടുത്തുന്നു. തൊഴിലാളികളെ കേവലം യന്ത്രങ്ങളായി രൂപമാറ്റപ്പെടുത്തുന്നു. ലാഭം മാത്രം കേന്ദ്രമായി പ്രവർത്തിക്കുന്നതിനാൽ പ്രകൃതിയെ പൂർണമായും ചൂഷണം ചെയ്യുന്നു. മുഴുവൻ വസ്തുക്കളും കമ്പോളത്തിലെ ഉൽപ്പന്നങ്ങളായി മാറ്റുന്നു. പരിസ്ഥിതികമായി ഇത് ഗുരുതര പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നു. വൈവിധ്യങ്ങളെ അടിച്ചമർത്തുന്നു. വാണിജ്യവൽക്കരണത്തിലൂടെ കടുത്ത ദാരിദ്ര്യം സൃഷ്ടിക്കുന്നു. സാമൂഹിക മൂല്യങ്ങൾ കാറ്റിൽ പടർത്തി കാട്ടാളനീതി കമ്പോളത്തിൽ നടപ്പിലാക്കുന്നത് മുതലാളിത്തത്തിന്റെ പ്രധാന സവിശേഷതയാണ്. കടുത്ത സാമൂഹിക സാമ്പത്തിക അസമത്വം നിറഞ്ഞ സാമൂഹിക വ്യവസ്ഥിതിയാണ് മുതലാളിത്തം. സമൂഹത്തിന് സർവ്വനാശമാണ് മുതലാളിത്തം സൃഷ്ടിക്കുന്നത്. മുതലാളിത്തത്തെ വിശകലനം ചെയ്തുകൊണ്ട് മാർക്സ് കണ്ടെത്തിയ കാര്യങ്ങൾ ഇന്നും 100% ശരിയായി എന്ന് വിലയിരുത്തുന്നു.

ആഗോളതലത്തിൽ നേരിടുന്ന കടുത്ത പ്രതിസന്ധികളെ തരണം ചെയ്യാൻ സോഷ്യലിസ്റ്റ് വ്യവസ്ഥയ്ക്ക് മാത്രമേ സാധിക്കുന്നുള്ളൂ. ഒരു മുതലാളിത്ത വ്യവസ്ഥിതിയിൽ ജീവിക്കുമ്പോൾ നാം കേൾക്കുന്ന പ്രധാന ചോദ്യമാണ് സോഷ്യലിസത്തിന്റെ ബദൽ സാധ്യമാണോ എന്ന്?. ഇന്നും മുതലാളിത്ത സമ്പത്ത് വ്യവസ്ഥയ്ക്ക് ബദലായി സോഷ്യലിസം മാത്രമാണ് നിലനിൽക്കുന്നത്. ദരിദ്രരും തൊഴിലാളികളും എവിടെയുണ്ടോ അവിടെ ഈ ആശയത്തിന് പ്രാധാന്യമുണ്ട്.

# അഗ്നി

വേരുറക്കുന്നുയീപച്ച മാംസത്തിലൂടെ
കിടാവല്ല നീ, ശ്രീ  മാത്രമാം സ്ത്രീ മാത്രമല്ല നീ
ആളിയാടുന്നീകനലിൽ ഒരായിരമായിരം
കോമരമിന്നുറഞ്ഞാടുക നീ
അഗ്നിയോടൊന്നായാ
പച്ചമാംസമിന്നീപ്പാരിൽ
തുളച്ചുകേറട്ടേയിന്നീ
വെറി പിടിച്ചോരാമർത്യഹൃത്തിൽ
സ്വസ്തിയായിവിഹരിക്കയിന്നു നീ
നിർഭയമായീപ്പാരിലെങ്ങും
കാർന്നെടുക്കുവാനായുന്നവർക്കുമുന്നിൻ
മൂർച്ചയെന്തെന്നറിയിക്ക നീ
നീ നീയായമരുകനാളമേയിന്നു
കത്തിജ്വലിച്ചോരുകാട്ടുതീയായ്

**മായാ. കെ. എം**
**രണ്ടാം വർഷം കെമിസ്ട്രി**

# 'മഹത്തായ അടുക്കള'യിൽ നിന്ന് പുറത്താകാത്ത കുലസ്ത്രീകളും ചന്തപെണ്ണുങ്ങളും


ജുമൈറ. എൻ
ഒന്നാം വർഷം ബി. എ. പൊളിറ്റിക്കൽ സയൻസ്




വർത്തമാനകാലത്തിൽ സമൂഹത്തെ ഏറ്റവും കൂടുതൽ സ്വാധീനിക്കുന്ന ശാസ്ത്ര പുരോഗതിയുടെ മഹത്തായ ഒരു സംഭാവനയാണ് സിനിമ എന്ന കലാരൂപം. പ്രായ ഭേദമന്യേ എല്ലാ മനുഷ്യരും ഒരുപോലെ ആസ്വദിക്കുന്ന മഹത്തായൊരു കലാരൂപമാണിത്. ആധുനിക സമൂഹത്തിൽ ചിലപ്പോഴൊക്കെയും ഒരു മനുഷ്യന്റെ അല്ലെങ്കിൽ ഒരു സമൂഹത്തിന്റെ തന്നെ ചിന്താഗതികൾ മാറ്റുന്നതിലും അവിടെ മാറ്റങ്ങൾ കൊണ്ടുവരുന്നതിലും അതിന്റെ സ്വഭാവ രൂപീകരണത്തിലും സിനിമകൾ വളരെ വലിയ പങ്കുവഹിക്കുന്നുണ്ട്.

നിശബ്ദ സിനിമയുടെ കാലഘട്ടം മുതൽ മലയാള സിനിമ സ്ത്രീത്വത്തെ അടയാളപ്പെടുത്തിവരുന്ന പൊതുവായ രീതി മലയാളികൾക്ക് സുപരിചിതമാണ്. പെണ്ണെന്നാൽ അടക്കത്തിന്റെയും ഒതുക്കത്തിന്റെയും നിർവചനമായ, അനുസരണ ശീലമുള്ള സ്വന്തമായി പ്രതികരണശേഷി യില്ലാത്ത വീടും പരിസരവും കുടുംബവും നോക്കി കാലം കഴിക്കുന്ന പെണ്ണുങ്ങളെയാണ് പിൽക്കാല സിനിമകൾ നല്ല സ്ത്രീകളായി രംഗത്ത് അവതരിപ്പിച്ചിരുന്നത്. ചിന്തയും ഇടപെടലുകളും പുറത്തുകാണിക്കാത്ത കരച്ചിലും, പ്രണയവും, കുഞ്ഞുങ്ങളെയും, കുടുംബത്തെയും നോക്കിയിരിക്കുന്ന വേറെ ഒന്നിനും കൊള്ളാത്ത സ്ത്രീ രൂപങ്ങൾ മാത്രമുള്ള സിനിമകൾ കണ്ട് മലയാളി ഇന്നും കയ്യടിക്കുന്നുണ്ട് എന്നുള്ളത് വേറൊരു സത്യമാണ്.

കാലം കുറച്ചു മുന്നോട്ടു വന്നപ്പോൾ പല സിനിമകളും സ്ത്രീ കഥാപാത്രങ്ങളെ ശാക്തീകരിക്കാൻ ശ്രമിച്ചിട്ടുണ്ട്. 'കമ്മദ്'ത്തിലെ ഭാനുവും 'എൽസമ്മ എന്ന ആൺകുട്ടി' യിലെ എൽസമ്മയും 'നീന'യിലെ നീനയും 'പത്ര'ത്തിലെ ദേവികയുമെല്ലാം ഇതിനുദാഹരണമാണ്. എന്നാൽ ഈ കഥാപാത്രത്തെ എല്ലാം നിരീക്ഷിച്ചാൽ നമുക്ക് ഒരു കാര്യം മനസ്സിലാക്കാൻ കഴിയും, എന്തെന്നാൽ ഇവർക്കെല്ലാം ശക്തരായ സ്ത്രീകൾ എന്ന അസ്ഥിത്വം അല്ല യഥാർത്ഥത്തിൽ നൽകിയിട്ടുള്ളത് മറിച്ച് ആണായി ജനിക്കേണ്ടവർ, ആണിന്റെ ധൈര്യമുള്ളവർ തുടങ്ങിയ പൊതു സവിശേഷതകൾ ആണ്. പെണ്ണിന് പെണ്ണത്വത്തിന്റെ ഉടലല്ല ഇവിടെ ലഭിക്കുന്നത്. മറിച്ച് കടം വാങ്ങിയ ആണത്വത്തിനുള്ള അഭിനന്ദനങ്ങളാണ്. പുരുഷ കേന്ദ്രീകൃതമായ അണിയറയ്ക്കു പിറകിൽ നിന്ന് ആണിന്റെ സുമനസ്സ് കൊണ്ട് കെട്ടിപ്പടുത്തുയർത്തിയുണ്ടാക്കുന്ന സ്ത്രീ കഥാപാത്രങ്ങളുടെ രൂപം ഇത്തരത്തിലായതിൽ നമുക്ക് അത്ഭുതപ്പെടാനൊന്നുമില്ല.

മലയാള സിനിമയുടെ പിന്നണിയിൽ സ്ത്രീകളുടെ പങ്കില്ലെന്നല്ല പറഞ്ഞുവരുന്നത്, പക്ഷേ ചുരുക്കമാണ് സ്ക്രീനിലും, ശബ്ദങ്ങൾക്കും പിറകിലുള്ള അടയാളപ്പെടുത്തലുകളല്ലാതെ സിനിമ നിർമ്മിച്ചെടുക്കുന്ന, സിനിമയ്ക്ക് ജനനം നൽകുന്നയിടങ്ങളിൽ പെൺ സാന്നിധ്യമില്ല. അഭിനയരംഗത്തും ഗായക നിരകളിലുമല്ലാതെ സംവിധാനം, തിരക്കഥ തുടങ്ങിയ മേഖലകളിൽ വിരലിൽ എണ്ണാവുന്നതിലും ചുരുക്കം സ്ത്രീകൾ മാത്രമേയുള്ളു. ചുരുക്കിപ്പറഞ്ഞാൽ മഹത്തായ ജനകീയ കലാരൂപം എന്ന് വിശേഷിപ്പിക്കുന്ന നമ്മുടെ സിനിമ ഇപ്പോഴും പറഞ്ഞുകൊണ്ടിരിക്കുന്നത് പുരുഷന്മാർ അഭിനയിക്കുകയും കാണുകയും ചെയ്യുന്നത് മാത്രമാണ്. അല്ലെങ്കിൽ ആണുങ്ങളുടെ സങ്കല്പ ഭാവനകളാണ്. പെണ്ണിനെ പുരുഷന്റെ കാൽകീഴിലാക്കി നിർത്തുന്ന 'മാസ്സ്' ഡയലോഗുകളെ തിരുത്തി കുറിക്കാൻ പെണ്ണുങ്ങൾക്ക് മാത്രമേ കഴിയുകയുള്ളു എന്നല്ല ഇവിടെ പറഞ്ഞ് വെക്കുന്നത്, പക്ഷെ കാലങ്ങളായി കയ്യടി വാങ്ങിക്കുന്ന ഇത്തരത്തിലുള്ള വാചകങ്ങളിലെ സ്ത്രീവിരുദ്ധത ചൂണ്ടിക്കാട്ടി അതിനെ തിരുത്താൻ ശ്രമിക്കുന്നത് എല്ലായ്പ്പോഴും സ്ത്രീകൾ തന്നെയാണ്. ഇതിന് നല്ലൊരു ഉദാഹരണമാണ് കാലങ്ങളായി സ്ത്രീ ദൗർലഭ്യത്തെ എടുത്തു കാട്ടാൻ ഉപയോഗിക്കുന്ന 'ഇല വന്ന് മുള്ളിൽ വീണാലും മുള്ള് വന്ന് ഇലയിൽ വീണാലും കേട് ഇലയ്ക്ക് തന്നെ' എന്ന പഴഞ്ചൊല്ല്' ബാംഗ്ലൂർ ഡെയ്സിൽ 'ഇല വന്നു മുള്ളിൽ വീണാലും മുള്ള് വന്ന് ഇലയിൽ വീണാലും കേട് മുള്ളിന് തന്നെ' എന്നാക്കി മാറ്റി കുറിച്ചത്. ഈ സിനിമ കണ്ടവർക്ക് കൃത്യമായി ആ വാചകത്തിന്റെ അർത്ഥം ആ സീനിന്റെ കൂടെ വായിച്ചെടുക്കാവുന്നതാണ്.

മലയാള സിനിമയിലെ എക്കാലത്തെയും വാഴ്ത്തപ്പെട്ട വ്യക്തിത്വങ്ങളായ എം. ടി. വാസുദേവൻ നായർ, പത്മരാജൻ തുടങ്ങിയവരുടെ സിനിമകളിലെ സ്ത്രീ കഥാപാത്രങ്ങളുടെ രൂപീകരണം ശ്രദ്ധിച്ചാൽ നമുക്കു മനസ്സിലാകും അതിലെല്ലാം അവരുടെ ഇഷ്ടത്തിനും ഭാവനയ്ക്കും അനുസരിച്ചാണ് സ്ത്രീ കഥാപാത്രങ്ങൾക്ക് രൂപം



നൽകിയിട്ടുള്ളത്. യഥാർത്ഥ സ്ത്രീ ജീവിതം ഈ സിനിമകളുടെ നിഴൽപ്പാടകലെയില്ല. നായകൻറെ ഭാര്യയോ, മകളോ, കാമുകിയോ, സുഹൃത്തോ ആയിട്ടല്ലാതെ ഇവിടെ സ്ത്രീകൾക്ക് അസ്ഥിത്വമില്ല, ഇത്തരം കഥാപാത്രങ്ങളിലെ സ്ത്രീകൾ അനുകമ്പയും ആശ്രയത്വവും വളരെയധികം ആവശ്യമുള്ളവരും സ്വന്തമായി നിലനിൽപ്പില്ലാത്തവരും ആണ്. ഇത്തരം സിനിമകളിൽ സ്ത്രീകൾ എപ്പോഴും ലൈംഗിക ബിംബങ്ങൾ കൂടിയായിത്തീരുന്നു. സ്ത്രീകളുടെ ശരീരത്തെയും ഇത്തരം സിനിമകൾ വെള്ളിത്തിരയിൽ കച്ചവടവൽക്കരിക്കുന്നു. എന്നാൽ കാലം വീണ്ടും മുന്നോട്ടു വരുമ്പോൾ തന്റെ വികാര പൂർത്തീകരണത്തിന് ഒരു സ്ത്രീ മതിയാകില്ലെന്ന് തോന്നിയാൽ വഴിപിഴച്ചു പോകാതിരിക്കാൻ 4 സ്ത്രീകളെ വരെ വിവാഹം കഴിക്കാമെന്ന് പറയുന്ന മതപ്രഭാക്ഷകനോട് അപ്പോൾ "ഒരു പുരുഷൻ മതിയാകാത്ത സ്ത്രീക്കൊ" എന്ന് തിരിച്ചു ചോദിക്കുന്ന 'അലിഫ്' ലെ ഫാത്തിമയിൽ എത്തിയിരിക്കുകയാണ് മലയാള സിനിമ.

മലയാള സിനിമ വികസിക്കുന്നതിനോടൊപ്പം സിനിമയുടെ ആശയങ്ങളും വികാസം പ്രാപിക്കുന്നുണ്ട്. '*The Great Indian Kitchen* ' ൽ നിന്ന് നിമിഷ സജയൻ ഇറങ്ങിപ്പോരുന്നതുപോലെ മലയാള സിനിമ സ്ത്രീവിരുദ്ധതയിൽ നിന്നും കുല സ്ത്രീകളുടെയും ചന്ത പെണ്ണുങ്ങളുടെയും ഉടുപ്പുകൾ അഴിച്ചുവെച്ച് സ്ത്രീയുടെ അസ്ഥിത്വത്തിലേക്ക്, യഥാർത്ഥ പെണ്ണിലേക്ക് നടന്നു കയറാൻ ശ്രമിക്കുന്നുണ്ട്. പക്ഷേ ആർഷഭാരതസംസ്കാരവും ആണധികാരവും ഈ ഇറങ്ങിപോക്കിനെ തടഞ്ഞുവെക്കാൻ ശ്രമിക്കുന്നുമുണ്ട്. അതെ, കുലസ്ത്രീകളും ചന്തപ്പെണ്ണുങ്ങളും മലയാള സിനിമയിലെ സ്ത്രീ കഥാപാത്രങ്ങളിൽ നിന്നും ഇറങ്ങി വരുന്നുണ്ട്, വരുംകാലങ്ങളിൽ സമ്പൂർണ്ണമായൊരു ഇറങ്ങിപ്പോക്ക് നമുക്ക് പ്രതീക്ഷിക്കാം.

# ഫ്രെയിം ചെയ്യപ്പെട്ട പക്ഷികൾ

വീട്ടിലെ
അടുക്കളവശത്തെ
ചുമരിൽ
തൂക്കിയിട്ട
ഒരു പക്ഷിയുടെ
പടമുണ്ട്.
അടുക്കളയിലെ
പൊടിയും പുകയും തട്ടി
ആകെ കോലംകെട്ടിയ
ഒരു പടം.

ഒരിക്കൽ പോലും
ആ പക്ഷി പറക്കുന്നത്
ഞാൻ കിണ്ടിട്ടില്ല.
പറക്കാൻ പറ്റാത്ത
അതിന്റെ ചിറകുകൾ
എന്നെ എല്ലായ്പ്പോഴും
അലോസരപ്പെടുത്തി.

എന്നെങ്കിലുമൊരിക്കൽ
ആ ഫോട്ടോഫ്രെയിമിന്റെ
വലതു വശത്തുള്ള
വിടവിലൂടെ
അത് പറന്ന് പോയിരുന്നെങ്കില്ലെന്ന്
ഞാൻ ആഗ്രഹിച്ചു.

എന്നുമുറങ്ങുമ്പോൾ
പറക്കാൻ പറ്റുന്ന
രണ്ട് ചിറകുകൾ
ഞാൻ സ്വപ്നം കണ്ടു.

ഒരു ദിവസം രാവിലെ
എഴുന്നേറ്റപ്പോൾ
അതേ നിറമുള്ള ചിറകുകൾ
എനിക്കും മുളച്ചിരിക്കുന്നു.
പറക്കാൻ പോയിട്ട് ഒന്നനങ്ങാൻ പോലും
പറ്റാതെയായി എനിക്ക്.
പതിയെ പതിയെ
ഞാൻ പോലും
അറിയാതെ
മറ്റൊരടുക്കളയിൽ
തൂക്കിയിട്ട
ഒരു പടമായി
ഞാൻ മാറി.



**സിയാന യാസ്മിൻ**
**രണ്ടാം വർഷം എക്കണോമിക്സ് ഹോണേഴ്സ്**

# തുറമുഖത്തിലെ രാഷ്ട്രീയം


## നിഖിൽ കൃഷ്ണ
## രണ്ടാം വർഷം ബി. കോം




തൊഴിലാളികളുടെ രാഷ്ട്രീയം സംസാരിക്കുന്ന സിനിമകൾ മുൻ കാലങ്ങളിലും ഇറങ്ങിയിട്ടുണ്ടെങ്കിലും രാജീവ് രവിയുടെ 'തുറമുഖം' ആഖ്യാന രീതിയിലും കഥാപാശ്ചാത്തലത്തിലും വ്യത്യസ്തത പുലർത്തുന്ന സിനിമയാണ്. 1953 കാലഘട്ടത്തിലെ മട്ടാഞ്ചേരി വെടിവെപ്പിന്റെ പശ്ചാത്തലത്തിലാണ് തുറമുഖം ഒരുക്കിയിരിക്കുന്നത്. മട്ടാഞ്ചേരിയിലെ തൊഴിലാളി ജീവിതവും അവർ നേരിട്ടു കൊണ്ടിരുന്ന കൊടിയ ചൂഷണങ്ങളും സിനിമ ചർച്ച ചെയ്യുന്നുണ്ട്. കേരളത്തിലെ തൊഴിലാളി സമരങ്ങളുടെ ചരിത്രത്തിൽ മട്ടാഞ്ചേരി തൊഴിലാളിപ്രക്ഷോഭം അത്രമേൽ ചേർത്തു വായിക്കാതിരുന്ന ഒരു അവസ്ഥയിൽ നിന്നാണ് മട്ടാഞ്ചേരി തുറമുഖതൊഴിലാളികളുടെ ചരിത്രം പറയുന്ന 'തുറമുഖം'. കൊച്ചി എന്ന വ്യാവസായികനഗരത്തിന്റെ വളർച്ചയിൽ തുറമുഖവും തൊഴിലാളികളും വഹിച്ച പങ്ക് ചെറുതല്ല. മലബാറിൽ നിന്നും തിരുവതാംകൂറിൽ നിന്നുമെല്ലാം ആദ്യകാലങ്ങളിൽ തൊഴിലിനായി ധാരാളം ആളുകൾ കൊച്ചിയിലെത്തുന്ന സാഹചര്യം ഉണ്ടായിരുന്നു. പിന്നീട് അടിമസമാനമായ സാഹചര്യങ്ങളിലാണ് തൊഴിലാളികൾ ജീവിതം മുന്നോട്ട് കൊണ്ടുപോയിരുന്നത്. ചാപ്പയേറു പോലെയുള്ള മനുഷ്യത്വവിരുദ്ധ നടപടികളും അധികാരികളുടെ തൊഴിലാളിചൂഷണങ്ങളും യൂണിയനുകളോടുള്ള വിരോധ മനോഭാവവുമെല്ലാം അരങ്ങുവാണിരുന്ന കാലത്തിലെ തൊഴിലാളികളുടെ ഉയർത്തെഴുന്നേൽപ്പിന്റെ കഥയാണ് രാജീവ് രവി തുറമുഖത്തിലൂടെ പറഞ്ഞു വെക്കുന്നത്. മലബാറിൽ നിന്നു മട്ടാഞ്ചേരിയിലേക്ക് കുടിയേറിയ മൈമുവിലൂടെയാണ് സിനിമ ആരംഭിക്കുന്നത്. ബ്ലാക്ക് ആൻഡ് വൈറ്റ് ചാരുതയിൽ മൈമുവിൻറെ കഥ അവതരിപ്പിച്ചപ്പോൾ അത് മികച്ച ദൃശ്യാനുഭവമായിരുന്നു. പിന്നീട് മൈമുവില്ലാതെ തങ്ങളുടെ മക്കളെ കെട്ട കാലത്തിന്റെ നടുവിലും വളർത്തിയ പൂർണിമ ഇന്ദ്രജിത്ത് അവതരിപ്പിച്ച ഉമ്മ എന്ന കഥാപാത്രം അതിജീവനത്തിന്റെയും പോരാട്ടത്തിന്റെയും ശബ്ദമാണ്. കൃത്യമായി തന്നെ മട്ടാഞ്ചേരി തുറമുഖതൊഴിലാളികളുടെ ജീവിതവും സംസ്കാരവും അവതരിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. പതിഞ്ഞ താളത്തിൽ തുടങ്ങി പിന്നീട് വേഗത കൈവരിക്കുന്ന രീതിയിലുള്ള ആഖ്യാനരീതിയിൽ പല സന്ദർഭങ്ങളും ആസ്വാദകരമായി അനുഭവപ്പെട്ടില്ല. സിനിമയുടെ ഛായാഗഹണവും കലാസംവിധാനവും മികവുറ്റതായിരുന്നു.

അവകാശങ്ങൾ നേടിയെടുക്കാൻ സംഘടിക്കുന്ന മനുഷ്യർ, അധികാരികളുടെ ചൂഷണങ്ങൾക്ക് മേൽ തൊണ്ട പൊട്ടി മുദ്രാവാക്യം വിളിക്കുമ്പോൾ ലോകത്താകമാനം പോരാട്ടത്തിന്റെ, വിപ്ലവത്തിന്റെ ധ്വനികളാണ് അലയടിക്കുന്നത്. തൊഴിലാളി അവകാശങ്ങൾ ഹനിക്കപ്പെടുന്ന ഇന്നത്തെ കാലഘട്ടത്തിൽ മട്ടാഞ്ചേരി തൊഴിലാളി പ്രക്ഷോഭവും ചാപ്പ വിരുദ്ധ സമരവും ധീരരായ തൊഴിലാളികളുടെ വിപ്ലവമനോഭാവവും ചരിത്രത്തോടൊപ്പം ചേർത്ത് വായിക്കേണ്ടതുണ്ട്. അതിലേക്കുള്ള ഒരു വാതിൽതുറക്കലാണ് രാജീവ് രവിയുടെ 'തുറമുഖം'.


തുറമുഖം
DIRECTED BY RAJEEV RAVI
PRODUCED BY SUKUMAR THEKKEPAT
SCREENPLAY GOPAN CHIDAMBARAN

# നേത്രോൻമീലനം

**മേഘ വിജയകുമാരി**
**രണ്ടാം വർഷം ചരിത്രം**

ഈ കൃതിയിലുടനീളം കാഴ്ച പിതൃ അധികാരത്തിന്റെ ചിഹ്നമായി പ്രവർത്തിക്കുന്നു. ഭരണകൂടത്തിന്റെ അധികാര മോഹത്തിനു മുമ്പിൽ പൗരുഷം ചൂളി പോകുമ്പോൾ മനുഷ്യൻ തികച്ചും അന്ധനാകുന്നു. കുടുംബങ്ങളിലും പ്രണയങ്ങളിലും നിലനിൽക്കുന്ന മിഥ്യാബോധത്തെ എഴുത്തുകാരി നിരന്തരമായി വെല്ലുവിളിക്കുന്നു. വായനക്കാരുടെ ഹൃദയത്തെ മുറിവേൽപ്പിക്കുന്ന കെ. ആർ മീരയുടെ നേത്രോൻമീലനം.

നേത്രോൻമീലനം വായിക്കാൻ പെണ്ണെഴുത്തിന്റെ കണ്ണട വേണ്ടെന്ന് തീർച്ച. അതു മാത്രമേ പാടുള്ളൂ എന്ന് ശാഠ്യം പിടിച്ചാൽ കേവലം അന്ധതയുടെ വായന മാത്രമാണ് സാധ്യമാക്കുന്നത്. എന്നാൽ പുതിയ എഴുത്തുകാരികളുടെ രചനക്ക് ലിംഗ വ്യാകരണങ്ങളുമായി യാതൊരു ബന്ധമില്ല എന്ന മട്ടിലുള്ള വായന മറ്റൊരു അന്ധതയാണ്. ഇന്നത്തെ സമൂഹത്തിൽ ലിംഗ രാഷ്ട്രീയം ദുർബലമായിരിക്കാം. പക്ഷേ സാഹിത്യത്തിന്റെ പൊതുമണ്ഡലത്തിൽ ലിംഗരാഷ്ട്രീയം നടത്തുന്ന ഇടപെടലുകൾക്ക് തീവ്രതയും തെളിച്ചവും ഒട്ടും കുറവില്ല. വിമോചന ഇടങ്ങളായിക്കൊണ്ട് സാഹിത്യങ്ങൾ മാറുന്നുണ്ട്. പിതൃമേധാവിത്വത്തിന്റെ ക്രമത്തിൽ നിർവചനങ്ങൾക്കപ്പുറം നിലനിൽക്കുന്ന വ്യവസ്ഥിതികളെ തകിടം മറിക്കുന്ന സ്നേഹത്തെക്കുറിച്ച് ഉറക്കെ എഴുത്തുകാരി വിളിച്ചുപറയുന്നു.

രണ്ട് ആന്തരിക പ്രക്രിയകൾ തമ്മിലുള്ള സംഘർഷം രൂക്ഷമാകുന്ന ഇടത്താണ് നോവൽ തുടങ്ങുന്നത്. പ്രകാശൻ തന്റെ ഭാര്യയായ ദീപ്തിയെ കണ്ടെത്താൻ ശ്രമിക്കുന്നു. എന്നാൽ തന്റെ ഭാര്യയായ ദീപ്തിയെ കണ്ടെത്താൻ അന്ധനായ പ്രകാശിന് സാധ്യമാകുന്നില്ല. സാധ്യതകൾ അടയുമ്പോൾ പ്രകാശൻ നേരിടുന്ന കടുത്ത മാനസിക സംഘർഷം ഏറെ ശ്രദ്ധേയമാണ്. സാധ്യതകൾ കുറയുമ്പോൾ കണ്ണിന്റെ അന്ധത രൂക്ഷമാകുന്നു. എന്നാൽ ദീപ്തിയോടുള്ള അടങ്ങാത്ത ആശ അദ്ദേഹത്തിന്റെ ഉൾക്കാഴ്ച നിരന്തരം വർദ്ധിപ്പിക്കുന്നു. അച്ഛൻ യൗവനകാലത്ത് സ്നേഹിച്ചിരുന്ന അന്ധയായ സഹപാഠിയെ കുറിച്ച് കൂടുതൽ അറിഞ്ഞ, അച്ഛന്റെ മരണകാരണം മനസ്സിലാക്കുന്ന പ്രകാശന്റെ ഉൾക്കാഴ്ചയെ കുറിച്ച് എഴുത്തുകാരി വർണ്ണിക്കുന്നു. കാഴ്ച ഇല്ലാതെ തോൽവി സമ്മതിക്കുന്ന പുരുഷനും. കാഴ്ചയില്ലാതെ തന്നെ വ്യവസ്ഥിതിയെ വെല്ലുവിളിക്കുന്ന സ്ത്രീയും. രണ്ടുപേരും നിയമവ്യവസ്ഥിതിക്കുള്ളിൽ അംഗത്വം കൈവരിച്ചവർ. ഇവർ തമ്മിലുള്ള അന്തരം മനസ്സിലാക്കുമ്പോൾ പ്രകാശന്റെ ഉൾക്കാഴ്ച പൂർണതയിലേക്ക് എത്തുന്നു. ഇതിലൂടെ 'കാഴ്ച പിതൃത്വത്തിന്റെ അധികാര കേന്ദ്രത്തെ' ആകെ പ്രശ്നവൽകരിക്കുന്നു.

സംഘർഷഭരിതമായ പ്രകാശന്റെ ജീവിതത്തിലേക്ക് ആകസ്മികമായി രജനി എന്ന സ്ത്രീ കടന്നുവരുന്നു. കാഴ്ചക്ക് പുറത്തു നിൽക്കുന്നവരും കാഴ്ചയില്ലാത്തവർക്കൊപ്പം നിൽക്കുന്നവരും പരസ്പരം സാന്ത്വനിപ്പിക്കുന്നതാണ് സ്നേഹം എന്ന ഉൾക്കാഴ്ചയിലേക്ക് രജനിയെയും പ്രകാശനെയും എത്തിക്കുന്നത്. ഇവരുടെ ബന്ധത്തിന്റെ ആഴം ഏറെ തീവ്രമാണ്.

**'ചില സ്ത്രീകൾ വിട്ടുപോകുമ്പോൾ സ്നേഹിച്ച പുരുഷന്റെ കാഴ്ച കൂടി കൊണ്ടുപോകും. മറ്റുചിലർ പകരം രണ്ടു കണ്ണുകൾ സമ്മാനിക്കുന്നു'.**

ഈ നിലക്ക് ദീപ്തിയുടെ തിരോധാനത്തിലൂടെ നഷ്ടമായ അന്ധതയ്ക്ക് പകരമായി രജനിയുടെ കടന്നു വരവോടുകൂടി ഉൾക്കാഴ്ച ലഭിക്കുന്നു. പിതൃമേധാവിത്വം ഏൽപ്പിക്കുന്ന ഇരട്ട പേരുകൾ വഹിക്കുന്നവരും, പിതൃ അധികാര ക്രമത്തിന് പുറത്തു നിൽക്കുന്നവരും തമ്മിലുള്ള പ്രണയമാണ് സ്നേഹം. നേത്രോൻമീലനം പറയുന്നത് ആദർശവൽക്കരിക്കപ്പെട്ട രാധാകൃഷ്ണ പ്രണയത്തിന്റെ കാലം കഴിഞ്ഞു എന്ന പ്രഖ്യാപനമാണ്.

# കെ.ആർ. മീര

## നേത്രോന്മീലനം



# ഭ്രാന്തി

ഒരു കണ്ണീർകണം പോലും
വീഴുവാനാവാതെ
മിഴികൾ പോലും നിശ്ചലമായിരിക്കുന്നു.
മഴക്ക് പോലും ചെന്നെത്താനാവാത്ത മരുഭൂമി
യിലെ മണൽ തരിപോൽ
ഞാൻ വരണ്ടുണങ്ങിയിരിക്കുന്നു.
ഉണ്ണുവാനാവാത്ത വണ്ണം
ആരോ തൊണ്ടയെ വലിച്ചു കെട്ടിയിരിക്കുന്നു.
ചിരിക്കുവാനാവാത്തവണ്ണം ആരോ
ചുണ്ടുകൾ തുന്നി വെച്ചിരിക്കുന്നു.
അനുവാദമില്ലാതെ ഒരു ശ്വാസകണം
പോലും എന്നിലേക്കെത്താനാവാതെയായ്,
ചലിക്കുവാനാവാത്ത വിധം ആരോ
കാലുകൾ ചങ്ങലകളാൽ  ബന്ധിച്ചിരിക്കുന്നു.
കുടുംബമഹിമ കളയാൻ ജനിച്ചവളെന്നാരോ
എന്റെ മേൽ ചാപ്പകുത്തിവച്ചിരിക്കുന്നു.
ചങ്ങലയുടെ ഞെരുക്കം കേട്ട് കാതുപോലും
അടഞ്ഞു പോവുന്നു.
ഈ ഇരു ചുവരുകൾക്കപ്പുറം
വെളിച്ചം ഉണ്ടെന്നറിയാം,
എങ്കിലും ആരോ എന്നെ പിടിച്ചു വെക്കുന്നു.
എന്റെ ചിന്തകൾ പോലും ചൂഴ്ന്നെടുത്ത്
ചുവരുകളാർക്കോ
ചൊല്ലിക്കൊടുക്കും പോലെ.

ഒന്ന് തിരിഞ്ഞു നോക്കാനാവാത്തവിധം
ഓർമ്മകൾ എന്നെ തളർത്തി ഇരിക്കുന്നു.
ഒപ്പമുണ്ടായവർ പോലും മുഖം തിരിക്കുന്നു.
ഒരു ചുവടുപോലുമീയിരുട്ടിലെനിക്ക്
മുന്നോട്ടാഞ്ഞ് വെക്കാനാവുന്നില്ല.
എല്ലാം മടുത്തിരിക്കുന്നു!.
പറയാൻ പാടില്ലാത്ത എന്തൊക്കെയോ അറി
യാതെ തന്നെ പറഞ്ഞു പോകുന്നു.
ഞാനറിയാതെ തന്നെ ഭ്രാന്തമായി
എന്തോ ചേഷ്ടകൾ
ചെയ്തു പോകുന്നു.
ഇനിയുമെനിക്കാവില്ല പിടിച്ചുനിൽക്കാൻ.
ചെയ്യാൻ പാടില്ലാത്തതെന്തോ
ചെയ്യാൻ ചിന്ത പോലുമെന്നെ
പ്രേരിപ്പിക്കുന്നു.
ഉള്ളമെന്തിനോ വെമ്പുന്നു,
എന്നാൽ ഒന്നറിയാം എല്ലാം മടുത്തിരിക്കുന്നു.
അനക്കമില്ലെന്ന് ഞാൻ നിനച്ച
ഈ ചുവരുകൾ പോലും എന്നെ അലറി
വിളിക്കുന്നു, 'ഭ്രാന്തി'.

**അനഘ. ബി. പി**
**ഒന്നാം വർഷം ബി. എ. മലയാളം**